I.ഇ.ബി. XII-കേരള നിയമസഭ/VII-13

# പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ –

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 മാർച്ച് 18, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

ഗുണനിലവാരമില്ലാത്ത ബേബി ഫുഡിന്റെ വിൽപ്പന

മി. സ്പീക്കർ : 1954-ലെ ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ തടയൽ നിയമവും 1986-ലെ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ്സ് നിയമവും ലംഘിച്ചുകൊണ്ട് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ബേബി ഫുഡ് കമ്പനികളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനെതിരെ നടപടിയെടുക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരെ ക്രിമിനൽ നടപടി ചട്ടങ്ങൾക്ക് വിരുദ്ധമായി ആരോഗ്യവകുപ്പുമന്ത്രി പ്രത്യേകം ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് തടഞ്ഞതുമൂലം ഗുണനിലവാരമില്ലാത്ത ബേബി ഫുഡ് സംസ്ഥാനത്ത് വ്യാപകമായി വിറ്റഴിക്കാൻ ഇടയായ ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറു

ത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, സി. ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): ബി. ഐ. എസ്. നിർദ്ദേശപ്രകാരം സംസ്ഥാനത്തെ ബേബി ഫുഡ് നിർമ്മാതാക്കൾക്കെതിരെ ഫുഡ് ഇൻസ്പെക്ടർമാർ എടുത്ത നടപടി നിറുത്തിവയ്ക്കാൻ മന്ത്രി ഓർഡറിട്ടു എന്ന ആരോപണം അടിസ്ഥാനരഹിതമാണ്. ബി. ഐ. എസ്. നിർദ്ദേശപ്രകാരം ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എടുത്ത നിയമ നടപടികൾ പൂർത്തിയായിവരികയാണ്. ഇക്കാര്യത്തിൽ നിയവിരുദ്ധമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തെയും സർക്കാർ സഹായിക്കുകയില്ല. ഇതുമായി ബന്ധപ്പെട്ട് റാഗിടോൺ നിർമ്മാതാവായ കോതമംഗലത്തുള്ള കെ. പി. ഗോപിനാഥ് ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. 1979-80 മുതൽ താൻ റാഗിടോൺ എന്ന വ്യാപാര നാമത്തിൽ റാഗി പൗഡർ വിറ്റഴിക്കപ്പെടുന്നുവെന്നും പാക്കിംഗിന് ഉപയോഗിക്കുന്ന കവറിൽ കുട്ടിയുടെ പടവും കുറുക്കുഭക്ഷണവും എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും കേന്ദ്ര ഗവൺമെന്റിന്റെ ബേബി ഫുഡ് ലൈസൻസ് നിലവിലില്ലെന്നും 90 ദിവസത്തിനകം ആവശ്യമായ ലൈസൻസ് സമ്പാദിച്ച് നിയമം അനുശാസിക്കുന്ന രീതിയിൽ പാക്കിംഗ് മാറ്റി ഉൽപ്പന്നം വിതരണം ചെയ്യുന്നതാണെന്നും അതുവരെ ഇക്കാര്യത്തിൽ നിയമനടപടികൾ ഉണ്ടാകരുതെന്നുമാണ് അപേക്ഷയിൽ പറഞ്ഞിരുന്നത്. അതിൽ മൂന്ന് മാസത്തെ സമയം അനുവദിക്കണമെന്ന് മാർക്ക് ചെയ്ത് ഡി. എച്ച്. എസ്സ്.ന് കൊടുത്തു. ഒരു ആഹാര പദാർത്ഥവും നിരോധിച്ചുകൊണ്ട് ഒരു ചട്ടവും പി. എഫ്. എ. ആക്ടിന്റെ ഭാഗമായി പുറപ്പെടുവിച്ചിട്ടില്ല. ബേബി

ഫുഡ്സ് എന്ന നിലയിൽ ഭക്ഷ്യാഹാരം വിതരണം ചെയ്യുമ്പോൾ കുട്ടികളുടെ പടമോ ഡിസ്ക്രിപ്ഷനോ പാടില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിന് ലൈസൻസ് കൊടുക്കാനോ റദ്ദാക്കാനോ ഹെൽത്ത് ഡിപ്പാർട്ട്മെന്റിന് അധികാരമില്ല. പഞ്ചായത്ത്/നഗരസഭകളാണ് ഈ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നത്. പി. എഫ്. എ. ആക്ട് ഭേദഗതി ചെയ്ത് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് എന്ന ഒരു പുതിയ നിയമം നിലവിൽ വന്നു. അതനുസരിച്ച് ഫുഡ് പ്രോഡക്ട്സ് ഉണ്ടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കണമെങ്കിൽ നോട്ടീസ് കൊടുത്ത് കറക്ടീവ് മെഷേഴ്സ് എടുക്കാനുള്ള സമയം കൊടുക്കണം. അത് നടപ്പിലാക്കാനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കാനായി ഉദ്യോഗസ്ഥതലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. റാഗീവിറ്റ, റാഗീടോൺ എന്ന കമ്പനിയെ സംബന്ധിച്ചല്ല ബി. ഐ. എസ്. പരാതി പറഞ്ഞിട്ടുള്ളത്. നെസ്‌ലേ പോലെയുള്ള ബഹുരാഷ്ട്ര കമ്പനികളുടെ ഉൾപ്പന്നങ്ങൾ വിറ്റഴിച്ച് കൊള്ളലാഭമുണ്ടാക്കുമ്പോൾ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിട്ട് തൊഴിലാളികളെ പട്ടിണിക്കിടുന്നതിനെ അംഗീകരിക്കാൻ കഴിയില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u> : ഇൻഡ്യയിൽ ഇന്ന് നിലവിലുള്ള ഏറ്റവും കർശനമായ ക്രിമിനൽ നിയമമാണ് 1954-ലെ പ്രിവൻഷൻ ഓഫ് ഫുഡ് അഡൽറ്ററേഷൻ ആക്ട്. കുഞ്ഞുങ്ങളുടെ ഭക്ഷണവുമായി ബന്ധപ്പെട്ട് ബേബി ഫുഡ് വിൽപ്പന നടത്തുമ്പോൾ എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന് ഇതിൽ പറയുന്നുണ്ട്. കുഞ്ഞുങ്ങളുടെ പടം ഒട്ടിച്ച് എന്ത് ഭക്ഷണ സാധനങ്ങൾ വിറ്റാലും അതിന് ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സിന്റെ സർട്ടിഫിക്കറ്റും ലൈസൻസും നിർബന്ധമായും വേണം. 1986-ൽ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് ആക്ട് എന്ന

സുപ്രധാനമായ ഒരു നിയമം പാർലമെന്റ് പാസ്സാക്കി; സർട്ടിഫിക്കേഷനു വേണ്ടി ഒരു അതോറിറ്റിയെ അധികാരപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം സർട്ടിഫിക്കേഷനോ ലൈസൻസോ ഇല്ലാതെ ബേബിവിറ്റപോലുള്ള ഉൽപ്പന്നങ്ങൾ വിൽക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണം. സെൻട്രൽ ഗവൺമെന്റോ സ്റ്റേറ്റ് ഗവൺമെന്റോ അധികാരപ്പെടുത്തിയ ഫുഡ് ഇൻസ്പെക്ടർമാരാണ് ഇതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടത്. ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സിന്റെ നിബന്ധനകൾ പൂർത്തിയാക്കുന്നതിന് 90 ദിവസത്തേയ്ക്ക് നിയമ നടപടികൾ ഉണ്ടാകരുതെന്ന് കാണിച്ച് റാഗിടോണിന്റെ ഉടമസ്ഥൻ നൽകിയ അപേക്ഷ മന്ത്രി ഡി. എച്ച്. എസ്സ്.ന് മേൽനടപടികൾക്കായി കൊടുത്തിരിക്കുകയാണ്. ഇതിനെത്തുടർന്ന് സംസ്ഥാനത്തെ എല്ലാ ബേബി ഫുഡ് നിർമ്മാതാക്കളും മന്ത്രിയെ സമീപിച്ചതിനെത്തുടർന്ന് ഇവർക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കരുതെന്ന് മന്ത്രി വാക്കാൽ നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ഇത്തരത്തിൽ ഒരു ഉത്തരവ് കൊടുക്കാൻ മന്ത്രിക്ക് അധികാരമില്ല. നിയമവിരുദ്ധമായ ഒരു നടപടിക്ക് മന്ത്രി കൂട്ടുനിന്നിരിക്കുകയാണ്. അതുവഴി ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നിയമവാഴ്ച നടപ്പിലാക്കുന്നതിന് തടസ്സം സൃഷ്ടിച്ചുകൊണ്ട് സത്യപ്രതിജ്ഞാലംഘനമാണ് നടത്തിയിരിക്കുന്നത്. പതിനായിരക്കണക്കിന് കുഞ്ഞുങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന ഗുരുതരമായ പ്രസ്തുത വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഐ.എസ്.ഐ.മാർക്കും ഗുണനിലവാരവുമുള്ള ഫീഡിംഗ് ബോട്ടിലുകൾ മാത്രമേ വിതരണം ചെയ്യാവൂ എന്ന കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തെ ഉത്തരവ് ഈ ഗവണ്മെന്റ് വന്നതിനുശേഷമാണ്

നടപ്പിലാക്കിയതെന്ന വസ്തുത മനസ്സിലാക്കണം. ഡി.എം.ഒ.യുടെ നേതൃത്വത്തിൽ ഫുഡ് ഇൻസ്പെക്ടർമാർ ഹോട്ടലുകളിൽ പരിശോധന നടത്തി പഴക്കം ചെന്ന ഭക്ഷണസാധനങ്ങൾ പിടിച്ചെടുക്കുകയും ഹോട്ടൽ ഉടമകൾക്കെതിരെ നിയമപ്രകാരം ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിൽ കഴിഞ്ഞ 30 വർഷമായി വിതരണം ചെയ്തുവരുന്ന ബേബിവിറ്റയിൽ മായം ചേർന്നിട്ടുണ്ടെന്ന ഒരു പരാതിയും ലഭിച്ചിട്ടില്ല. പ്രസ്തുത കമ്പനി ഉൽപ്പാദിപ്പിക്കുന്ന ബേബി ഫുഡിന്റെ സാമ്പിളെടുത്ത് പരിശോധന നടത്തി, ക്രമക്കേട് നടന്നിട്ടുണ്ടെങ്കിൽ അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതായിരിക്കും. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(അടിയന്തിര പ്രമേയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി.. അഹമ്മദ് അലി എന്നീ ബഹുമാനപ്പെട്ട പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോകുകയും അൽപ്പ സമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു)

## ശ്രദ്ധ ക്ഷണിക്കൽ

(1) എസ്.സി.പി., ടി.എസ്.പി. എന്നിവയുടെ നടത്തിപ്പ്

ശ്രീ. ബി. രാഘവൻ : കേരളത്തിലെ ദുർബ്ബലരും ഭൂരഹിതരുമായ ആദിവാസി വിഭാഗങ്ങൾക്ക് ഭൂമിയും വീടും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കാൻ കഴിയുംവിധം ആദിവാസി ഭൂനിയമം നടപ്പിലാക്കാനുള്ള ഈ ഗവണ്മെന്റിന്റെ

പരിശ്രമങ്ങളെ അട്ടിമറിക്കാനുള്ള ബോധപൂർവ്വമായ പ്രസ്താവനകളും ആസൂത്രിതമായ നീക്കങ്ങളും പല ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നതായി വാർത്തകൾ വരുന്നു. ഈ ഗവണ്മെന്റിന്റെ കാലാവധിക്ക് മുമ്പുതന്നെ ഭൂരഹിതരായ ആദിവാസികൾക്ക് കൃഷിയിറക്കുന്നതിനുള്ള ഭൂമിയും വീടു വയ്ക്കുന്നതിനുള്ള ധനസഹായവും നൽകുന്നതിനും കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കുന്നതിനുമുള്ള അടിയന്തിര നടപടി സ്വീകരിക്കണം. ആദിവാസി കോളനികളിലെ വികസന പ്രവർത്തനങ്ങളിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിയുന്നില്ല. കോളനികളുടെ നവീകരണത്തിനും തൊഴിലിനും നീക്കിവച്ച തുകയുടെ 10 ശതമാനം തുക വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയണം. ഡി.പി.സി.യുടെ അംഗീകാരം ലഭിച്ച പദ്ധതികൾപോലും പ്രായോഗികമല്ലെന്ന ഉദ്യോഗസ്ഥരുടെ നിലപാടുമൂലം അവ നടപ്പാക്കാൻ കഴിയാത്ത അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള വിവിധ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കണം. എസ്.സി./എസ്.ടി. കോർപ്പറേഷൻവഴി ഭൂരഹിതരായ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് അര ഏക്കർ ഭൂമിവീതം വാങ്ങാനുള്ള പദ്ധതി പ്രകാരമുള്ള ധനസഹായം വർദ്ധിപ്പിക്കണം. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിലും ആദിവാസി സങ്കേതങ്ങളിലും അതീവ ജാഗ്രത പതിപ്പിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂരഹിതരായ 22052 കുടുംബങ്ങളും ഒരേക്കറിൽ താഴെ ഭൂമിയുള്ള 32132 കുടുംബങ്ങളുമാണ് സംസ്ഥാനത്തുള്ളത്.

ഈ ഗവൺമെന്റ് വന്നതിനുശേഷം ഭൂരഹിതരായ 6413 കുടുംബങ്ങൾക്ക് 8568.72 ഏക്കർ ഭൂമി വിതരണം ചെയ്തു. ആറളത്ത് 1717 കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമിക്ക് കൈവശാവകാശ രേഖ നൽകി. ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകുക എന്നതാണ് ഗവൺമെന്റിന്റെ നയം. 19002 ഏക്കർ വനഭൂമി ആദിവാസി പുനരധിവാസത്തിന് നൽകാമെന്ന് കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചെങ്കിലും നെറ്റ് പ്രസന്റ് വാല്യൂ നൽകുന്ന കാര്യത്തിൽ സുപ്രീംകോടതിയിൽ കേസ് നിലവിലുള്ളതിനാൽ അത് ഏറ്റെടുത്ത് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2006-ലെ വനാവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ഇതിനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി പന്ത്രണ്ട് അംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. അതിന്റെ പ്രവർത്തനം ഫലപ്രദമായി നടന്നുകൊണ്ടിരിക്കുകയാണ്. 2007-08-ൽ ആദിവാസി പുനരധിവാസത്തിനായി 13 കോടി രൂപ **ഡി.ആർ.ഡി.എം.**-ന് നൽകി. എസ്.സി.പി./ടി.എസ്.പി. യുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഗവൺമെന്റിന്റെ സജീവ ശ്രദ്ധ പതിയേണ്ടവയാണ്. എസ്.സി.പി. വിഹിതത്തിന്റെ 66.66 ശതമാനവും ടി.എസ്.പി. വിഹിതത്തിന്റെ 50 ശതമാനവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് -ഇൻ- എയ്ഡായി നൽകി ശേഷിക്കുന്ന തുകയാണ് പ്രസ്തുത വകുപ്പ് കൈകാര്യം ചെയ്യുന്നത്. ഈ തുക ഫലപ്രദമായി ചെലവഴിക്കാനുള്ള നടപടികൾ 2006-07 മുതൽ സ്വീകരിച്ചുവരികയാണ്. കഴിഞ്ഞ വർഷം മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നടപ്പാക്കുന്ന പദ്ധതികളുടെ വിശകലനം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട്

നടപ്പാക്കുകയാണ്. എല്ലാ ജില്ലകളിലും മൂന്ന് പ്രാവശ്യം മന്ത്രിതലത്തിലും ഉന്നത ഉദ്യോഗസ്ഥ തലത്തിലും പദ്ധതികളെ സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നുണ്ട്. സംസ്ഥാന തലത്തിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ അവലോകന യോഗങ്ങൾ ഓരോ മാസവും നടക്കുന്നുണ്ട്. ഇതിലൂടെ പുരോഗതി ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. രണ്ട് ദിവസത്തെ ഫയൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ച് 600-ഓളം ഫയലുകൾ ഡിസ്പോസ് ചെയ്യാൻ സാധിച്ചിട്ടുണ്ട്. 2001-06 കാലഘട്ടത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശരാശരി പദ്ധതിച്ചെലവ് യഥാക്രമം 76.47 ശതമാനവും 67.22 ശതമാനവുമായിരുന്നത് ഈ ഗവൺമെന്റിന്റെ ആദ്യവർഷംതന്നെ 85-ഉം 91-ഉം ശതമാനമായി വർദ്ധിപ്പിക്കാൻ സാധിച്ചത് സർവ്വകാല റിക്കാർഡാണ്. 2002-03 മുതൽ 2004-05 വരെ അധിക കേന്ദ്ര സഹായമായി ലഭിച്ച 60 കോടി രൂപയിൽ 20 കോടി രൂപ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ചെലവഴിച്ചു. ബാക്കി തുക കഴിഞ്ഞ വർഷം ചെലവഴിക്കാൻ സാധിച്ചു. അഡീഷണൽ സെൻട്രൽ അസിസ്റ്റൻസായി കേന്ദ്രത്തിൽനിന്നും കിട്ടിയ തുക ഫലപ്രദമായി ഉപയോഗിക്കാത്തതുകൊണ്ടും ഉപയോഗിച്ച കാശിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്തതുകൊണ്ടും പണം ലഭ്യമാകുന്നതിന് ഉണ്ടായിരുന്ന തടസ്സം മാറ്റിയെടുക്കാൻ സാധിച്ചു. ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പ് നൽകേണ്ട 25000 വീടുകളിൽ 8615 വീടുകൾ പൂർത്തിയായിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പൂർത്തിയാക്കാത്ത 8548 വീടുകളുടെ 90 ശതമാനം പണിയും പൂർത്തിയാക്കാൻ സാധിച്ചു. ഈ ഇനത്തിൽ 135 കോടി രൂപ ഗവൺമെന്റ് നീക്കിവച്ചിട്ടുണ്ട്. ഇന്ദിര ആവാസ് യോജന, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭവനനിർമ്മാണ പദ്ധതി എന്നിവയിലൂടെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള

വരുടെയും വീടുകളുടെ പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ സാധിക്കും. ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഭവന വായ്പ യഥാക്രമം 70,000 രൂപയിൽനിന്ന് 75,000 രൂപയായും 75,000 രൂപയിൽനിന്ന് 1,00,000 രൂപയായും ഉയർത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ ആദിവാസികൾക്കും സൗജന്യ വൈദ്യസഹായം നൽകുന്നതിന് 10 കോടി രൂപ ചെലവുവരുന്ന ഒരു സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. എസ്.ടി. വിഭാഗത്തിലെ വിദ്യാർത്ഥികളുടെ എം.ബി.ബി.എസ്. സീറ്റ് 2-ൽനിന്ന് 32 ആക്കി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ ഇനങ്ങളിലെ 46 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർക്കാൻ സാധിച്ചു. പത്താം ക്ളാസുവരെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്ളസ് വൺ, പ്ളസ് ടു ഏർപ്പെടുത്തി അപ് ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിച്ചു. വെള്ളായണിയിൽ സ്പോർട്ട്സ് സ്കൂൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു. സ്വാശ്രയ കോഴ്സുകൾക്ക് ഫീസ് നിശ്ചയിക്കാൻ ഗവൺമെന്റ് തയ്യാറായി. ഈ വിഭാഗത്തിലെ കുട്ടികളുടെ ലംപ്സം ഗ്രാന്റും സ്റ്റൈപന്റും 50 ശതമാനം വർദ്ധിപ്പിക്കുകയും പ്രീമെട്രിക് ഹോസ്റ്റലുകൾ നവീകരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. കോട്ടയത്ത് ആദിവാസി കുട്ടികൾക്ക് നഴ്സിംഗ് സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു. 1,79,00,000 രൂപ അനുവദിച്ചു. ഐ.എച്ച്.ആർ.ഡി. യുടെ നേതൃത്വത്തിൽ വയനാട് അപ്ളൈഡ് സയൻസ് കോളേജ് ആരംഭിക്കാൻ തീരുമാനിച്ചു. ഈ വിഭാഗക്കാരുടെ ഉന്നമനം വിലയിരുത്തുന്നതിനായുള്ള സംസ്ഥാന ഉപദേശക സമിതി കൂടാറുണ്ട്. ജില്ലാതല അവലോകനം വകുപ്പ് നടത്താറുണ്ട്. ആവശ്യമെങ്കിൽ എം.എൽ.എ.മാരെക്കൂടെ ഇതിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(2) <u>ഗ്രാമീണ റോഡുകളും മെയിൻ ഡിസ്ട്രിക്ട് റോഡുകളും</u>

<u>ശ്രീ. വർക്കല കഹാർ</u>: അദർ ഡിസ്ട്രിക്ട്. റോഡുകളുടെ മെയിന്റനൻസ് കഴിഞ്ഞ രണ്ട് വർഷമായി നടക്കാത്തതുകൊണ്ടും ഇത് ജില്ലാ പഞ്ചായത്തുകൾക്ക് വിട്ടതുമൂലവും കാര്യമായ പ്രവർത്തനം നടക്കാതെ ഗുരുതരമായ സാഹചര്യം ഉണ്ടായിരിക്കുകയാണ്. ജില്ലാ പഞ്ചായത്തുകൾക്ക് 6000 കിലോമീറ്റർ റോഡിന്റെ പണി നടപ്പാക്കാനുള്ള സംവിധാനമില്ല. അതിനാൽ ഈ റോഡുകളുടെ പണി പി.ഡബ്ള്യു.ഡി.യെ ഏൽപ്പിക്കണം. റോഡുകൾക്കായി നീക്കിവച്ചിട്ടുള്ള 200 കോടി രൂപയിൽ 100 കോടി രൂപ പി.ഡബ്ള്യു.ഡി.യെ ഏൽപ്പിച്ച് റോഡുകളുടെ പണി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്</u>): ഇതൊരു പൊതുവികാരമാണ്. ഗ്രാമീണ റോഡുകളും അദർ ഡിസ്ട്രിക്ട് റോഡുകളും നന്നാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് ഹെഡ്ഡിൽനിന്ന് തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള റോഡുകളിൽ അംഗീകൃത മാനദണ്ഡം അനുസരിച്ചുള്ള പണികൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിന് ഇപ്പോൾ ലഭ്യമായതിനെക്കാൾ കൂടുതൽ തുക ആവശ്യമാണ്. പൊതുമരാമത്തിന്റെ കീഴിൽ 4843 കിലോമീറ്റർ സംസ്ഥാന പാതയും 9424 കിലോമീറ്റർ പ്രധാന ജില്ലാ റോഡുകളുമാണുള്ളത്. മറ്റ് റോഡുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുകയാണ്. റോഡുകളുടെ അറ്റകുറ്റപ്പണി നടത്താൻ കഴിയാത്ത കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ റോഡുകൾ പി.ഡബ്ള്യു.ഡി. ഏറ്റെടുക്കണമെന്ന ആവശ്യം വിവിധ

തലങ്ങളിൽനിന്ന് വന്നിട്ടുണ്ട്. ബന്ധപ്പെട്ട നിയമസഭാ സബ്ജക്ട് കമ്മിറ്റിയും ഇത് ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്; അന്തിമ തീരുമാനം എടുക്കുന്നതിനെക്കുറിച്ച് ആലോചിക്കും. ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ നാളെ വൈകുന്നേരം പ്രത്യേക യോഗം വിളിച്ച് പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതാണ്.

## സബ്മിഷൻ

### (1) കൃഷിനാശം സംഭവിച്ചവർക്കുള്ള ആനുകൂല്യങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): വേനൽമഴയിൽ കൃഷിനാശം സംഭവിച്ച കുട്ടനാട്ടിലെ പാടങ്ങൾ സഭയിലെ എട്ട് അംഗങ്ങൾ സന്ദർശിക്കുകയുണ്ടായി. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും അവിടെ പോയിരുന്നു. നല്ലൊരു വിളവ് പ്രതീക്ഷിച്ചിരുന്ന കർഷകർക്ക് സാമ്പത്തിക ബുദ്ധിമുട്ടിൽനിന്ന് കരകയറാൻ സാധിക്കുമെന്ന പ്രതീക്ഷ അസ്ഥാനത്തായി. കർഷകർക്ക് മതിയായ നഷ്ടപരിഹാരം കൊടുക്കാനും കൊയ്തുവച്ചിട്ടുള്ള നെല്ല് സിവിൽ സപ്ളൈസ് കോർപ്പറേഷനെക്കൊണ്ട് എടുപ്പിക്കാനും വെള്ളം വറ്റിച്ച് കൊയ്യാൻ സാധിക്കുന്ന സ്ഥലങ്ങളിൽ കൊയ്ത്ത് യന്ത്രം ഇറക്കാനുമുള്ള സംവിധാനം ഉണ്ടാക്കണം. തകരാറിലായ വൈദ്യുതിബന്ധം പുന:സ്ഥാപിക്കണം. ആലപ്പുഴ, കോട്ടയം ജില്ലകൾക്ക് പുറമേ തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങളിലുണ്ടായ കൃഷി നാശത്തിനും നഷ്ടപരിഹാരം കൊടുക്കണം. തമിഴ്നാട്ടിൽനിന്ന് കൊയ്ത്ത് യന്ത്രം കൊണ്ടുവരുമ്പോൾ ചെക്ക്പോസ്റ്റിൽ ടാക്സ് ഈടാക്കാതിരിക്കാൻ ശ്രദ്ധിക്കണം.

മി. സ്പീക്കർ: ഈ വിഷയവുമായി ബന്ധപ്പെട്ട് എഴുതിത്തന്ന എല്ലാ അംഗങ്ങൾക്കും സംസാരിക്കാൻ അവസരം കൊടുക്കും. ശ്രീ. സി.കെ.പി. പത്മനാഭനും ശ്രീ. പി. തിലോത്തമനും ഇതു സംബന്ധിച്ച് സബ്മിഷൻ എഴുതിത്തന്നിട്ടുണ്ട്. റവന്യൂ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും മറുപടി പറഞ്ഞശേഷം സംസാരിക്കാൻ അവസരം തരാം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): കനത്ത നാശനഷ്ടമാണ് ശക്തമായ വേനൽമഴയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിട്ടുള്ളത്. 4 പേർ മരണപ്പെടുകയും കോടിക്കണക്കിന് രൂപയുടെ കൃഷിനാശമുണ്ടാകുകയും ചെയ്തിട്ടുണ്ട്. കുട്ടനാടൻ മേഖലയിൽ 5811.74 ഹെക്ടറിലായി 9.9 കോടി രൂപയുടെ വിളനാശമാണ് ഇന്നലെ കണക്കാക്കിയത്. കൃഷി വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കർഷക പ്രതിനിധികൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി വീണ്ടും അസ്സസ്സ്മെന്റ് നടത്തുന്നുണ്ട്. കാലാവസ്ഥ ഇതേ രീതിയിൽ തുടർന്നാൽ കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. വെള്ളക്കൂടുതലും ചെളിയിളക്കവുംമൂലം കംബൈൻഡ് ഹാർവെസ്റ്റർ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. വെള്ളക്കൂടുതൽമൂലം നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, എന്നീ പ്രദേശങ്ങളിൽ മടവീഴ്ച ഭീഷണിയും നേരിടുന്നുണ്ട്. കുട്ടനാടൻ കായൽപ്പാടങ്ങളിലെ ജലനിരപ്പ് താഴ്ത്താനായി തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ ഉയർത്തിയിട്ടുണ്ട്. തൃശൂർ കോൾ മേഖലയിലും ഏകദേശം 11 കോടിയിലധികം രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. കർഷകരെ സഹായിക്കാനും ധനസഹായം നൽകാനും സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. സഭയിൽ

പ്രകടിപ്പിച്ച അഭിപ്രായങ്ങളെല്ലാം വച്ച് പരമാവധി ധനസഹായം കൊടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവണ്മെന്റിന് അയയ്ക്കുന്നതാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): പ്രതിപക്ഷ നേതാവ് പറഞ്ഞ അഭിപ്രായത്തോട് ഗവൺമെന്റിന് യോജിപ്പാണ്. കുട്ടനാട്, കോട്ടയം, പാലക്കാട്, തൃശ്ശൂർ, പൊന്നാനി എന്നിവിടങ്ങളിൽ വേനൽ മഴമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്കുണ്ടായ നഷ്ടം കൃത്യമായി തിട്ടപ്പെടുത്തി പരിഹാരം കാണുക എന്നുള്ളതാണ് ആദ്യത്തെ പ്രശ്നം. കൃഷി സ്ഥലത്ത് കയറിയ വെള്ളം ഇറക്കിവിടുന്നതിനായി തണ്ണീർമുക്കം ബണ്ടിന്റെ എല്ലാ ഷട്ടറുകളും തുറന്നുവിടുന്നതിനും വേലിയേറ്റമുണ്ടാകുമ്പോൾ അത് അടയ്ക്കുന്നതിനും നടപടി സ്വീകരിക്കുകയും നെല്ല് സംഭരിക്കുന്നതിനായി സിവിൽ സപ്ളൈസ് കോർപ്പറേഷന് നിർദ്ദേശം നൽകുകയും വെള്ളം പമ്പ് ചെയ്യുന്നതിന് വൈദ്യുതി വിതരണം മുടങ്ങാതിരിക്കാനാവശ്യമായ സംവിധാനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വെള്ളമില്ലാത്ത സ്ഥലത്ത് കൊയ്ത്ത് നടത്തുന്നതിനും വെള്ളമുള്ള സ്ഥലത്ത് വെള്ളം ഇറങ്ങിക്കഴിഞ്ഞാൽ കൊയ്ത്ത് ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഇനി ഉണ്ടാകാതിരിക്കാൻ കൊയ്ത്ത് കാലത്തിനു മുമ്പുതന്നെ കർഷക സംഘടനകളുടെ യോഗം വിളിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): കുട്ടനാട് ഭാഗത്ത് മഴയിൽ മരങ്ങൾ വീണ് തകർന്ന വൈദ്യുതി ബന്ധം 24 മണിക്കൂറിനുള്ളിൽ പുനഃസ്ഥാപിക്കുന്നതിന് വൈദ്യുതി ജീവന

ക്കാരെ നിയോഗിക്കുകയും 70 ശതമാനത്തോളം പ്രദേശങ്ങളിൽ വൈദ്യുതി ബന്ധം പുന:സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ.എം. മാണി: 2000 രൂപ മുതൽ 4000 രൂപ വരെ കർഷകർക്ക് നഷ്ടപരിഹാരം നൽകുമെന്നാണ് റവന്യൂ വകുപ്പുമന്ത്രി പറഞ്ഞത്. കൃഷിക്കാർക്കുണ്ടായ യഥാർത്ഥ നഷ്ടം കണക്കാക്കി ആ നഷ്ടം മുഴുവനും നികത്തുന്നതാണെന്ന് അസന്നിഗ്ദ്ധമായി കണക്കാക്കി പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകണം. മാത്രമല്ല, വെള്ളം കയറിയ സ്ഥലങ്ങളിൽ അടിയന്തിരമായി ഡീവാട്ടറിംഗ് നടത്താനും നടപടി സ്വീകരിക്കണം.

ശ്രീ. സി.കെ.പി. പത്മനാഭൻ : കേരള കർഷക സംഘത്തിന്റെ സ്റ്റേറ്റ് സെക്രട്ടറി എന്ന നിലയിൽ കൃഷിനാശം സംഭവിച്ച 4 ജില്ലകൾ ഞാൻ സന്ദർശിച്ചു. അതിവർഷംമൂലമുണ്ടായ നാശമാണ്. കൊയ്ത്ത് യന്ത്രം പാടത്തിറക്കുന്നത് കർഷകത്തൊഴിലാളികൾ തടയുന്നില്ല. കഴിഞ്ഞ 3 ആഴ്ചയായി യന്ത്രം ഉപയോഗിച്ചുള്ള കൊയ്ത്താണ് കുട്ടനാട്ടിൽ നടത്തുന്നത്. എന്നാൽ ഇപ്പോൾ വെള്ളം കയറിയതു കാരണം യന്ത്രം ഇറക്കാൻ കഴിയുന്നില്ല. വെള്ളത്തിൽ ആണ്ടുപോയ നെല്ല് കൊയ്യാൻ കർഷകത്തൊഴിലാളിക്ക് മാത്രമേ കഴിയുകയുള്ളൂ. ഗവൺമെന്റ് പ്രഖ്യാപിച്ച നഷ്ടപരിഹാരം കർഷകർക്കാണ് കൊടുക്കേണ്ടത്. നെല്ല് മുഴുവൻ സംഭരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ച സാഹചര്യത്തിൽ കർഷകത്തൊഴിലാളിയും കൃഷിക്കാരുമായി യോജിച്ച് തീരുമാനമെടുക്കാൻ തയ്യാറാകണം.

ശ്രീ. പി. തിലോത്തമൻ: കനത്തമഴമൂലം കുട്ടനാട്ടിൽ ഉണ്ടായ നാശനഷ്ടങ്ങൾ കൃത്യമായി തിട്ടപ്പെടുത്തി നഷ്ടപരിഹാരം നൽകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടുന്ന സി.ആർ.എഫ്. വിനിയോഗിക്കുന്നതിന്റെ മാനദണ്ഡമനുസരിച്ച് വളരെ ചെറിയ സംഖ്യ മാത്രമേ കർഷകർക്ക് കൊടുക്കാൻ കഴിയുകയുള്ളൂ. നഷ്ടം സംഭവിച്ച മുഴുവൻ കർഷകർക്കും ന്യായമായ നഷ്ടപരിഹാരം നൽകണമെന്നതാണ് ഗവൺമെന്റിന്റെ ആഗ്രഹം. ഇക്കാര്യം ഇന്ന് വൈകുന്നേരം തന്നെ മന്ത്രിസഭാ യോഗംകൂടി തീരുമാനിക്കുകയും യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(2) രമണിയുടെ കുടുംബത്തിന് സഹായം

ശ്രീ. ആനത്തലവട്ടം ആനന്ദൻ: വക്കം വില്ലേജിൽ കൊമ്പാറ്റൂരിൽ ട്രെയിൻ തട്ടി മരിച്ച രമണിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതിനും അവിടെ ഒരു റെയിൽവേ ഫുട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 28-02-08-ന് ട്രെയിൻ തട്ടി മരിച്ച വക്കം വില്ലേജിലെ കൊമ്പാറ്റൂരിൽ വീട്ടിൽ രമണിയുടെ കുടുംബത്തിന് അടിയന്തിര സഹായമായി 1750 രൂപ അന്നുതന്നെ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ നൽകിയിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട അവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് പരമാവധി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): റെയിൽവേ ഫുട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് റെയിൽവേ അധികൃതരുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ക്രമപ്രശ്നം**

<u>സബ്മിഷൻ അവതരിപ്പിക്കുമ്പോൾ അതാത് പ്രദേശത്തെ എം.എൽ.എ. മാർക്ക് സംസാരിക്കാൻ അവസരം നൽകണം</u>

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> റൂൾ 304 അനുസരിച്ച് ഒരു വിഷയം അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചു കഴിഞ്ഞാൽ ആ പ്രദേശത്തെ മെമ്പർക്ക് അതിനെക്കുറിച്ച് സഭയിൽ പറയാനുള്ള അവസരം നൽകുന്ന കീഴ്‌വഴക്കമുണ്ട്. കൃഷി വകുപ്പുമന്ത്രി ഇന്നലെ സന്ദർശനം നടത്തിയതു ശ്രീ. കെ.സി. വേണുഗോപാലിന്റെ നിയോജകമണ്ഡലത്തിലാണ്. ബഹുമാനപ്പെട്ട അംഗത്തെ അറിയിച്ചിട്ടല്ല മന്ത്രി അവിടെ പോയത്. ശ്രീ. കെ. സി. വേണുഗോപാലിനെ സംസാരിക്കാൻ അനുവദിക്കാതിരിക്കുന്നതു ശരിയല്ല.

<u>മി. സ്പീക്കർ:</u> ശ്രീ. സി.കെ.പി. പത്മനാഭനും ശ്രീ. പി. തിലോത്തമനും ഈ വിഷയം സബ്മിഷനായി ഉന്നയിക്കണമെന്ന് എഴുതിത്തന്നിരുന്നതിനാൽ അവരെ സംസാരിക്കാൻ അനുവദിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനും സംസാരിക്കാൻ അവസരം നൽകി. എന്നാൽ ശ്രീ. കെ.സി. വേണുഗോപാൽ എഴുതിത്തന്നിട്ടില്ല. മന്ത്രിമാർ സന്ദർശനം നടത്തുമ്പോൾ അതാതു മണ്ഡലത്തിലെ എം.എൽ.എ.മാരെ ചില പ്രത്യേക സാഹചര്യത്തിൽ അറിയിക്കാൻ കഴിഞ്ഞു എന്ന് വരില്ല.

(3) <u>മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിലെ കാലതാമസം:</u>

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: നിർദ്ദിഷ്ട മെഡിക്കൽ യൂണിവേഴ്സിറ്റി തൃശ്ശൂരിൽ സ്ഥാപിക്കുന്നതിന് തീരുമാനമെടുക്കുകയും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുകയും വേണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കേരളത്തിൽ മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുക എന്നത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നയം തന്നെയാണ്. കഴിയുന്നതും വേഗം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(4) ശുദ്ധജലക്ഷാമം:

ശ്രീ. സി.ടി. അഹമ്മദ് അലി: കാസർഗോഡ് ജില്ലയിൽ പണി നിർത്തിവച്ചിരിക്കുന്ന ബാവിക്കര റെഗുലേറ്ററിന്റെ പണി പൂർത്തിയാക്കി ശുദ്ധജലക്ഷാമം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ബാവിക്കര റെഗുലേറ്ററിന്റെ പണി പൂർത്തിയാക്കുന്നതു സംബന്ധിച്ച് 24-3-2008-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുചേർക്കുന്നതും സ്ഥലം സന്ദർശിക്കുന്നതുമാണ്.

(5) ജി.വി.രാജാ സ്കൂളിന്റെ പ്രവർത്തനം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ശംഖുമുഖത്തുനിന്ന് മൈലത്തേയ്ക്ക് മാറ്റിയ ജി.വി. രാജാ സ്പോർട്ട്സ് സ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രി (ശ്രീ. എം.എ. ബേബി): ജി.വി. രാജാ സ്പോർട്ട്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(6) റോഡിന്റെ പുനരുദ്ധാരണം:

ശ്രീ. എൻ. ശക്തൻ: നേമം നിയോജകമണ്ഡലത്തിലെ എരുത്താവൂർ-മുക്കംപ്ലാമൂട്- നരുവാംമൂട് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): നേമം നിയോജക മണ്ഡലത്തിലെ എരുത്താവൂർ-മുക്കംപ്ലാമൂട്-നരുവാംമൂട് റോഡ് പണി പി.ഡബ്ള്യൂ.ഡി.യിൽ നിന്ന് ത്രിതല പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത ലിസ്റ്റിൽ ഉൾപ്പെട്ടതിനാലാണ് ബുദ്ധിമുട്ട് വന്നിട്ടുള്ളത്. നേരത്തെ ഇതിന് ഭരണാനുമതി കൊടുക്കുകയും ടെന്റർ ചെയ്യുകയും ചെയ്തിരുന്നതാണ്. ദർഘാസിന്റെ കാലാവധി കഴിഞ്ഞതുമൂലം കരാറുകാരൻ പ്രവൃത്തി നടത്താൻ വിസമ്മതിച്ചിരിക്കുകയാണ്. എരുത്താവൂർ-മുക്കംപ്ലാമൂട്-നരുവാംമൂട് റോഡിന്റെ കാര്യത്തിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) കുടിവെള്ള പദ്ധതിയുടെ പണി

ശ്രീ. കെ. കുഞ്ഞിരാമൻ: എൽ. ഐ.സി. സഹായത്തോടെ പണിയാരംഭിച്ച തൃക്കരിപ്പൂരിലെ ഭീമനടി കുടിവെള്ള പദ്ധതിയുടെ പണി മുടങ്ങിക്കിടക്കുകയാണ്. 2001-ൽ തുടങ്ങിയ പദ്ധതി 2007-ൽ അവസാനിപ്പിക്കേണ്ടതായിരുന്നു. ആ പദ്ധതി പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): എൽ.ഐ.സി. സാമ്പത്തിക സഹായം നിർത്തിവച്ചതിനാലാണ് പദ്ധതി മുടങ്ങിക്കിടക്കുന്നത്. മറ്റേതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കി ഭീമനടി കുടിവെള്ള പദ്ധതിയുടെ പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(8) ഏഷ്യാനെറ്റ് റിപ്പോർട്ടറെ ആക്രമിച്ച സംഭവം:

ശ്രീ. കെ. ബാബു: എറണാകുളം ജില്ലയിലെ കോലഞ്ചേരിക്കടുത്ത് കുമ്മനോട് പ്രദേശത്ത് അനധികൃതമായി പ്രവർത്തിക്കുന്ന പാറമടയുടെ പ്രവർത്തനം റിപ്പോർട്ട് ചെയ്യാൻ പോയ ഏഷ്യാനെറ്റ് ജീവനക്കാരെ മർദ്ദിച്ച നിഷ്ഠൂരമായ സംഭവത്തിൽ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2008 മാർച്ച് രണ്ടാം തീയതി പാറമടയുടെ പ്രവർത്തനം ക്യാമറയിൽ പകർത്തിക്കൊണ്ടിരുന്ന അവസരത്തിൽ പാറമടയിലെ തൊഴിലാളികൾ സംഘം ചേർന്ന് ആക്രമിക്കുകയാണുണ്ടായത്. ഈ സംഭവത്തെ സംബന്ധിച്ച് ക്രൈം 121-ാം നമ്പറായി കുന്നത്തുനാട് പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സിൽ ഉൾപ്പെട്ടിട്ടുള്ള 11 പേരെ പോലീസ് തിരിച്ചറിഞ്ഞിട്ടുണ്ട്. നാല് പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. 4 പേർക്ക് കോടതി മുൻകൂർ ജാമ്യം അനുവദിച്ചു. മറ്റ് പ്രതികളെ പിടിക്കുന്നതിന് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നുണ്ട്. അപഹരിക്കപ്പെട്ട ക്യാമറയും മൈക്കും കണ്ടെടുത്തിട്ടുണ്ട്. പത്രപ്രവർത്തകർക്ക് സ്വതന്ത്രമായി സഞ്ചരിക്കുന്നതിനും കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള സ്വാതന്ത്ര്യത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും.

### (9) ബസ്സപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം

ശ്രീ. എം. മുരളി: കായംകുളം-തിരുവല്ല സ്റ്റേറ്റ് ഹൈവേയിൽ നിയന്ത്രണം വിട്ടുവന്ന കെ.എസ്.ആർ.ടി.സി. ബസ്സ് മറിഞ്ഞ സംഭവത്തിൽ രണ്ട് പേർ തൽക്ഷണം മരിക്കുകയും നിരവധി ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു. മരണപ്പെട്ടവരുടെ കുടുബാംഗങ്ങൾക്ക് 5,000 രൂപയും പരിക്കേറ്റ

വർക്ക് 2,000 രൂപയും മാത്രമാണ് ധനസഹായം കൊടുത്തത്. ഇവർക്ക് കൂടുതൽ ധനസഹായം കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ബസ്സപകടത്തെ സംബന്ധിച്ച കാര്യം അറിഞ്ഞയുടനെ ജില്ലാ കളക്ടറും എം.എൽ.എ-യും സ്ഥലത്തെത്തി. മരണപ്പെട്ട രണ്ട് പേരുടെ കുടുംബങ്ങൾക്ക് അടിയന്തിര ആവശ്യത്തിനായി 5,000 രൂപയും പരിക്കേറ്റവർക്ക് 2,000 രൂപ വീതവും ധനസഹായം നൽകി. കൂടുതൽ ധനസഹായം നൽകുന്ന കാര്യം മന്ത്രി സഭയിൽ ചർച്ചചെയ്ത് തീരുമാനിക്കുന്നതാണ്.

(10) ഫയലുകൾ തീർപ്പാക്കൽ

ശ്രീ. എം. ഹംസ: പരീക്ഷാ ഭവനിൽ വിവിധ ആവശ്യങ്ങൾക്കായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ തീരുമാനമെടുക്കാതെ കെട്ടിക്കിടക്കുകയാണ്. ഇതുമൂലം ഉപരിപഠനത്തിനും വിദേശത്ത് ജോലിതേടിപ്പോകുന്നവർക്കും ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. മതിയായ ഉദ്യോഗസ്ഥരെ നിയമിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഈ പ്രശ്നം പരിഹരിക്കുന്നതിന് പരീക്ഷാ ഭവനിൽ മുമ്പുണ്ടായിരുന്ന ഒരു സെക്ഷന് പകരം രണ്ട് സെക്ഷൻകൂടി ആരംഭിച്ചിട്ടുണ്ട്.. അപേക്ഷകളുടെ ബാഹുല്യം കണക്കിലെടുത്ത് ഒരു പ്രത്യേക അദാലത്ത് നടത്തിയിരുന്നു. അതിന്റെ ഫലമായി 2006-വരെ ലഭിച്ച 5285 അപേക്ഷകളിൽ 4916 അപേക്ഷകൾക്ക് പരിഹാരമുണ്ടാക്കിയിട്ടുണ്ട്. 2007-ൽ ലഭിച്ച 2323 അപേക്ഷകളിൽ 749 അപേക്ഷകൾക്ക് തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. അവിടെ ഒരു അന്വേഷണ കൗണ്ടർ സ്ഥാപിച്ച്. അപേക്ഷകൾക്ക് രസീത് കൊടുക്കുകയും ഓരോ വിദ്യാഭ്യാസ ജില്ലയ്ക്കും

ഓരോ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ നടക്കുന്ന എസ്.എസ്.എൽ.സി പരീക്ഷ കഴിയുന്നതോടുകൂടി പരീക്ഷാ ഭവനിലെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സമഗ്രമായ നടപടി സ്വീകരിക്കും.

(11) നെൽ കർഷകർ നേരിടുന്ന പ്രതിസന്ധി:

ശ്രീ. ബാബു എം. പാലിശ്ശേരി: തൃശ്ശൂർ ജില്ലയിലുണ്ടായ വേനൽ മഴയിൽ ആറായിരത്തോളം ഹെക്ടർ കോൾനിലങ്ങൾ വെള്ളത്തിനടിയി ലായി. കൃഷിനാശം സംഭവിച്ചവർക്ക് അടിയന്തിര സഹായം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : കഴിഞ്ഞ ദിവസം പെയ്ത വേനൽ മഴയിൽ തൃശ്ശൂർ ജില്ലയിൽ ധാരാളമായി കൃഷിനാശ മുണ്ടായിട്ടുള്ളതായി നിരവധി മെമ്പർമാർ ഇവിടെ ഉന്നയിച്ചു. 21-ാം തീയതി അവിടം സന്ദർശിച്ച് തൃശ്ശൂർ കോൾ നിലങ്ങളിലെ നാശനഷ്ടങ്ങൾ വിലയിരുത്തി സഹായം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്ന താണ്.

(12) സ്ഥലം ഏറ്റെടുക്കൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ : ശ്രീ വിദ്യാധിരാജാ ചട്ടമ്പി സ്വാമിയുടെ ജന്മസ്ഥലമായ തിരുവനന്തപുരത്തെ കണ്ണമ്മൂലയിലുള്ള വീടും സ്ഥലവും സംസ്ഥാന സാംസ്ക്കാരിക വകുപ്പ് ഏറ്റെടുക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ചട്ടമ്പിസ്വാമിയുടെ വീടും സ്ഥലവും ഏറ്റെടുക്കുന്നത് സംബന്ധിച്ച് 1992 മുതൽ ചില നടപടികൾ ആരംഭിച്ചിരുന്നു. ഇവ ഏറ്റെടുക്കാൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. പിന്നീട് അത് ഡീ-നോട്ടിഫൈ ചെയ്തു.

സാംസ്ക്കാരിക വകുപ്പ് സെക്രട്ടറി ഇതുസംബന്ധിച്ച് പരിശോധിച്ച് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റവന്യൂ വകുപ്പുമായി ചർച്ച ചെയ്ത് എല്ലാവർക്കും സ്വീകാര്യമായ വിധത്തിൽ വിദ്യാധിരാജാ ചട്ടമ്പി സ്വാമിക്ക് ഒരു സ്മാരകമുണ്ടാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(13) പ്രധാന ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കൽ

ശ്രീ. എ.പി. അനിൽ കുമാർ: മലപ്പുറം ജില്ലയിലുള്ളവർക്ക് ദീഘദൂര ട്രെയിനിൽ യാത്ര ചെയ്യുന്നതിനുവേണ്ടി പാലക്കാട്ടോ കോഴിക്കോട്ടോ ഉള്ള റെയിൽവേ സ്റ്റേഷനിൽ പോകേണ്ട സ്ഥിതിയാണുള്ളത്. ജമ്മുതാവി എക്സ്പ്രസ്, രാജധാനി എക്സ്പ്രസ് എന്നീ ട്രെയിനുകൾക്ക് മലപ്പുറം ജില്ലയിൽ സ്റ്റോപ്പ് ഇല്ല. മലപ്പുറം ജില്ലയിലെ ഏതെങ്കിലും പ്രധാനപ്പെട്ട സ്റ്റേഷനിൽ ഈ വണ്ടികൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കൊങ്കൺ പാതയിലൂടെ ദീർഘദൂര സർവ്വീസ് നടത്തുന്ന പ്രധാനപ്പെട്ട ട്രെയിനുകൾക്ക് മലപ്പുറം ജില്ലയിൽ സ്റ്റോപ്പ് അനുവദിച്ചിട്ടില്ലെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റെയിൽവേയുടെ മാനദണ്ഡമനുസരിച്ച് ഒരു ജില്ലയിൽ ഒരു സ്റ്റോപ്പ് അനുവദിക്കണമെന്നുണ്ട്. ദീർഘദൂര ട്രെയിനുകൾക്ക് മലപ്പുറം ജില്ലയിലെ ഏതെങ്കിലും ഒരു പ്രധാന സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കണമെന്ന ന്യായമായ ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

(14) എം.ഡി. നിയമനം

ശ്രീ.പി.സി. ജോർജ് : വിജിലൻസ് കേസ് അന്വേഷണം നേരിടുന്നയാളെ സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി താൽക്കാലിക നിയമനം നൽകിയ നടപടി പരിശോധിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): പെട്ടെന്നുള്ള നിയമനമായതിനാൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാതെയാണ് കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ താൽക്കാലികമായി നിയമിച്ചത്. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥിര നിയമനം നൽകുന്നതിനുള്ള നടപടികൾ നിർത്തിവച്ചു. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിന് രൂപീകരിച്ച സെലക്ഷൻ ബോർഡ് 2008 മാർച്ച് മാസം 27, 28 തീയതികളിൽ നടത്തുന്ന ഇൻർവ്യൂവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നവരുടെ ലിസ്റ്റിൽനിന്ന് മാനേജിംഗ് ഡയറക്ടറുടെ സ്ഥിര നിയമനം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(15) കൊച്ചി മെട്രോ പ്രോജക്ട്

പ്രൊഫ. കെ.വി. തോമസ്: കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് രൂപം നൽകിയ മെട്രോ പ്രോജക്ടിന്റെ അലൈൻമെന്റ്, ഫണ്ടിംഗ് എന്നിവ സംബന്ധിച്ച് തീരുമാനമെടുത്ത് സമയബന്ധിതമായി നടപ്പിലാക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം. വിജയകുമാർ) : ആലുവ മുതൽ തൃപ്പൂണിത്തുറ വരെ 25.25 കിലോമീറ്റർ ദൂരം മെട്രോ പ്രോജക്ട് നടപ്പിലാക്കുന്നതിന് 2005 ജൂലായിലാണ് അംഗീകാരം ലഭിച്ചത്. ഇതിന്റെ പുതുക്കിയ അടങ്കൽത്തുക 3084 കോടി രൂപയാണ്. ഈ പ്രോജക്ടിന്റെ

ഫണ്ടിംഗ് സംവിധാനം 15 ശതമാനം വീതം കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും 70 ശതമാനം ജെ.ബി.ഐ.സി. ലോണുമാണ്. പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്; അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. കൊച്ചി മെട്രോ പ്രോജക്ട് കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(16) കുടിവെള്ള പ്രശ്നം

ശ്രീ. മുരളി പെരുനെല്ലി: മണലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് 5.85 കോടി രൂപയുടെ എസ്റ്റിമേറ്റ് വരുന്ന ഒരു പദ്ധതിയുടെ പ്രവർത്തനം നടന്നുവരികയാണ്. വാട്ടർ ടാങ്കിൽ വെള്ളമെത്തിക്കുന്നതിന് ചെമ്പുക്കാവിൽനിന്ന് പൈപ്പ്ലൈൻ ഇടുന്ന ഉദ്ദേശം 3.47 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പ്രവൃത്തികൂടി പൂർത്തിയാക്കി കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടിയുണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): മണലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതിക്ക് അനുബന്ധമായി പൈപ്പ്ലൈൻ ഇടുന്നതിനാവശ്യമായ പണം ധനകാര്യസ്ഥാപനങ്ങളിൽനിന്ന് ലഭ്യമാക്കാൻ കഴിയുമോയെന്ന് പരിശോധിച്ചുവരികയാണ്.

(17) ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ പൂർത്തീകരണം

ശ്രീമതി ഇ.എസ്. ബിജി മോൾ: കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ഏലപ്പാറ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി 2008 ഡിസംബർ മാസത്തിനുള്ളിൽ കമ്മിഷൻ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : 1999-ൽ ഭരണാനുമതി ലഭിച്ച ഏലപ്പാറ  ശുദ്ധജല വിതരണ പദ്ധതിയുടെ പണികൾ പുരോഗമിച്ചുവരികയാണ്. 2009-ൽ പ്രസ്തുത പദ്ധതി കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(18) വി.എച്ച്.എസ്.ഇ.യെ ഹയർ സെക്കണ്ടറിയിൽ ലയിപ്പിക്കൽ

ശ്രീ. പി.സി. വിഷ്ണുനാഥ് : വി.എച്ച്.എസ്.ഇ.യെ ഹയർ സെക്കണ്ടറിയിൽ ലയിപ്പിക്കുന്നതും നാലാം ഗ്രൂപ്പുവരെയുള്ളവർ ആറാമത്തെ പ്രവർത്തി ദിവസം പ്രാദേശിക ഗുരുവിന്റെ അടുക്കൽ പോയി പഠിക്കണമെന്നതും സംബന്ധിച്ച് അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള ആശങ്ക ദുരീകരിക്കണം. അടുത്ത അധ്യയന വർഷം വി.എച്ച്.എസ്.ഇ. കോഴ്സും ഡയറക്ടറേറ്റും നിലനിറുത്താൻ കഴിയുമോയെന്ന് വ്യക്തമാക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പ്രസ്തുത വിഷയം സംബന്ധിച്ച അക്കാഡമിക്കും ഭരണപരവുമായിട്ടുള്ള വശങ്ങളെക്കുറിച്ച് ബന്ധപ്പെട്ടവരുമായി കാലതാമസംകൂടാതെ ചർച്ച ചെയ്തതിനുശേഷം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(19) കൃഷിഭൂമി ഇ.എഫ്.എൽ. ആക്ടിന്റെ പരിധിയിൽപ്പെടുത്തൽ

ശ്രീമതി കെ.കെ. ലതിക : കോഴിക്കോട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ഇ.എഫ്.എൽ. ആക്ടിന്റെ പേരിൽ കൃഷിക്കാർക്ക് യാതൊരുവിധ ആനുകൂല്യവും ലഭിക്കുന്നില്ല. ഇതിന് പരിഹാരം കാണുന്നതിനായി റവന്യൂ-വനം വകുപ്പുകൾ ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടത്തി ഇ.എഫ്.എൽ.ആക്ടിന്റെ പരിധിയിൽവരുന്ന ഭൂമി തിട്ടപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): കോഴിക്കോട് ഡിവിഷനിലെ കുറ്റ്യാടി റേഞ്ചിൽപ്പെട്ട ചില വില്ലേജുകളിലും ജീരകപ്പാറയിലെ ചില പ്രദേശങ്ങളിലുമായി 450 ഹെക്ടറിൽപരം ഭൂമി ഇ.എഫ്.എൽ. ആക്ട് പ്രകാരം നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഈ ആക്ടിന്റെ പേരിൽ അർഹതയുള്ള കൃഷിക്കാരന്റെ കൈവശഭൂമി അന്യാധീനപ്പെട്ട് പോകാതിരിക്കാൻ സർക്കാർ ജാഗ്രത പുലർത്തുന്നുണ്ട്. ഏറ്റെടുക്കുന്നതിനുള്ള നോട്ടീസ് ലഭിക്കുന്നതുവരെ ഉടമസ്ഥർക്ക് അതിലെ ദേഹണ്ഡങ്ങൾ എടുക്കാവുന്നതാണെന്നും ഇ.എഫ്.എൽ. ആക്ട് പ്രകാരം ഏറ്റെടുത്ത ഭൂമി പരിശോധിച്ച് നിയമാനുസൃത തീരുമാനം കൈക്കൊള്ളാനും ധാരണയായിട്ടുണ്ട്. ഇതുസംബന്ധിച്ച് ഉണ്ടായ ആശങ്ക പരിഗണിച്ച് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യവും സർക്കാർ പരിശോധിക്കുന്നതാണ്.

(20) ദേശീയപാതയുടെ ആവശ്യകത

ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്: പണി നടന്നുകൊണ്ടിരിക്കുന്നതും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ ഫോർട്ട് കൊച്ചി-ആലപ്പുഴ തീരദേശപാതയുടെ പണി ഏതെങ്കിലും ഫണ്ട് ഉപയോഗിച്ച് അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ആലപ്പുഴ-അർത്തുങ്കൽ-ചെല്ലാനം-തോപ്പുംപടി റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ചിട്ടുണ്ട്. സുനാമി പുനരധിവാസ ഫണ്ടും സംസ്ഥാന ഫണ്ടും ഉപയോഗപ്പെടുത്തി ഈ റോഡിന്റെ ഉപരിതലം ബലപ്പെടുത്തുന്നതുൾപ്പെടെയുള്ള പണി പുരോഗമിച്ചുവരികയാണ്. നിരവധി കലുങ്കുകൾ, പുത്തൻ റോഡുകൾ, പാലങ്ങൾ എന്നിവ പുനരുദ്ധരിക്കണം. ഇതെല്ലാം

പരിഗണിച്ച് ഈ പാതയുടെ പൂർത്തീകരണത്തിന് അവശേഷിക്കുന്ന പദ്ധതികൾക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതാണ്.

(21) കോടതി ആരംഭിക്കൽ

ശ്രീ. ജോസഫ് എം. പുതുശ്ശേരി: കോടതി ഹാൾ, റിക്കോർഡ് റൂം അടക്കം എല്ലാ സൗകര്യങ്ങളുമുള്ള മല്ലപ്പള്ളി മിനി സിവിൽ സ്റ്റേഷനിൽ ഒരു കോടതി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സംസ്ഥാനത്ത് പുതിയതായി ആരംഭിക്കേണ്ട കോടതികളുടെ മുൻഗണനാ പട്ടികയിൽ മല്ലപ്പള്ളി താലൂക്കിനെ 23-ാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് മുൻഗണനാക്രമത്തിൽ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യവും പരിശോധിക്കുന്നതാണ്.

(22) സബ്കോടതിയായി ഉയർത്തൽ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: മുൻഗണനാ ലിസ്റ്റിൽ രണ്ടാം സ്ഥാനവും ആവശ്യമായ സ്ഥലവും കെട്ടിടവും മറ്റ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസുമുള്ള ചാവക്കാട് കോടതി സബ്കോടതിയായി ഉയർത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(23) തുടർച്ചയായ അക്രമങ്ങൾ

<u>ശ്രീ. കെ.സി. വേണുഗോപാൽ:</u> ആലപ്പുഴ നഗരത്തിലും ജില്ലയിലെ വിവിധ പ്രദേശങ്ങളിലും കഴിഞ്ഞ രണ്ടുമൂന്നാഴ്ചകളായി നടന്നുകൊണ്ടിരിക്കുന്ന കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള അക്രമ പരമ്പരകൾ അവസാനിപ്പിക്കാൻ ആവശ്യമായ കർശന നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: ആലപ്പുഴയിലും പരിസര പ്രദേശങ്ങളിലുമുണ്ടായ സംഭവ വികാസങ്ങളെ സംബന്ധിച്ച് ഊർജ്ജിതമായ അന്വേഷണം നടന്നുവരികയാണ്. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനം തടയൽ നിയ പ്രകാരം 13 പേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റസിഡൻസ് അസോസിയേഷൻ അംഗങ്ങളേയും നാട്ടുകാരേയുംകൂടി ഉൾപ്പെടുത്തി രാത്രികാല പട്രോളിംഗ് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. മെമ്പറുടെ നിർദ്ദേശാനുസരണം ആലപ്പുഴ ഐ.ജി. ഉൾപ്പെടെയുള്ളവരെ വിളിച്ച് നടപടികൾ ശക്തിപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ ശക്തിപ്പെടുത്താൻ നിർദ്ദേശം നൽകുന്നതാണ്.

(24) <u>വൈദ്യുത പദ്ധതി പൂർത്തീകരിക്കൽ</u>

<u>പ്രൊഫ.സി. രവീന്ദ്രനാഥ്</u> : വർഷങ്ങൾക്കുമുമ്പ് വിഭാവനം ചെയ്ത രണ്ടര മെഗാവാട്ടിന്റെ ചിമ്മിനി ജലവൈദ്യുത പദ്ധതിയുടെ പണി പുനരാരംഭിച്ച് എത്ര വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ.എ.കെ. ബാലൻ)</u>: 1991-ൽ ആരംഭിച്ച 6.03 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന ചിമ്മിനി ജല വൈദ്യുത പദ്ധതി പണി ഏറ്റെടുത്ത്

പുരാരംഭിക്കാൻ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന് കൈമാറാൻ കെ.എസ്.ഇ.ബി. സന്നദ്ധത അറിയിച്ചിട്ടുണ്ട്.

(25) പാർട്ട്ടൈം ജീവനക്കാരായി നിയമിക്കൽ

ശ്രീ. ആർ. സെൽവരാജ്: കേരളത്തിലെ മിക്ക ഗ്രാമ പഞ്ചായത്തുകളിലും ഏതാണ്ട് 20 വർഷം മുതൽ 30 വർഷംവരെയുള്ള കാലയളവിൽ വിവിധ ജോലികൾ നോക്കിവരുന്ന ജീവനക്കാർക്ക് ഇന്നും ഓണറേറിയമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇവരെ പാർട്ട്ടൈം ജീവനക്കാരായി പരിഗണിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): 1998-ലെ പതിനൊന്നിന പരിപാടിയുടെ ഭാഗമായി പഞ്ചായത്തുകളിൽ 418 ലൈബ്രേറിയൻമാരും 160 നഴ്സറി ടീച്ചർമാരും 160 ആയമാരും ഓണറേറിയം വ്യവസ്ഥയിൽ സേവനം അനുഷ്ഠിച്ചുവരികയാണ്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഇവരെ പാർട്ട്ടൈം ജീവനക്കാരായി നിയമിക്കാൻ കഴിയുകയില്ല; ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(26) നെല്ല് സംഭരണം

ശ്രീ. വി.എസ്. സുനിൽ കുമാർ: കേരളത്തിൽ നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കണം. പാടശേഖര സമിതികൾക്ക് നെല്ല് സംഭരിക്കുന്നതിന് ഹാൻഡ്ലിംഗ് ചാർജ്ജ് കൊടുക്കണം. സ്വകാര്യ മിൽ ഉടമകൾ സിവിൽ സപ്ളൈസ് കോർപ്പറേഷന് ഗുണനിലവാരം കുറഞ്ഞ കുത്തരി കൊടുക്കുന്നതു സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള പരാതികൾ പരിഹരിക്കണം. ചേർപ്പ് നിയോജക മണ്ഡലത്തിൽ കുത്തരി കൊടുക്കുന്നതിന് സംവിധാനം ഉണ്ടാകണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കർഷകരിൽനിന്ന് നേരിട്ട് നെല്ല് സംഭരിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം ഏകദേശം 3 ലക്ഷം ടൺ നെല്ല് സംഭരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സംഭരിക്കുന്ന നെല്ല് കൃത്യമായി മില്ലുകളിൽ എത്തിച്ച് സംസ്കരിച്ച് അരിയുടെ ഗുണമേൻമാ പരിശോധനയ്ക്കുശേഷം ഹോൾ സെയിൽ ഡിപ്പോയിലേയ്ക്ക് വിതരണം നടത്തുന്നതുവരേയും കൃത്രിമമോ തിരിമറിയോ നടക്കാതിരിക്കുന്നതിനായി ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ ഒരു വിജിലൻസ് ടീം പ്രവർത്തിക്കുന്നുണ്ട്. നെല്ല് സംഭരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

## (27) വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സംസ്ഥാനത്ത് ഒരു വർഷം 40,000-ത്തോളം വാഹനാപകടങ്ങൾ ഉണ്ടാകുകയും 3500-ൽപ്പരം ആളുകൾ കൊല്ലപ്പെടുകയും ചെയ്യുന്നതായി കണക്കാക്കിയിട്ടുണ്ട്.. അമിത വേഗത, മൊബൈൽ ഫോൺ ഉപയോഗം, അശ്രദ്ധമായ ഡ്രൈവിംഗ്, മദ്യപാനം, റോഡുകളുടെ ശോച്യാവസ്ഥ എന്നിവ അപകടങ്ങൾക്ക് കാരണമാണ്. മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടുപിടിക്കാൻ ബ്രത്ത് അനലൈസർ നൽകുകയും തെളിയിക്കപ്പെട്ടാൽ അവരുടെ ലൈസൻസ് റദ്ദാക്കുകയും വേണം. അപകട സ്ഥലത്ത് എത്തുന്ന പോലീസിന് ആവശ്യമായ പരിശീലനം നൽകണം. അപകടമുണ്ടായാൽ ഉടൻ എത്തുന്നതിന് താലൂക്ക് ആശുപത്രികൾ കേന്ദ്രമാക്കി വൈദ്യസഹായം ഉൾപ്പെടെയുള്ള മൊബൈൽ യൂണിറ്റ് സ്ഥാപിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2003-06 കാലഘട്ടത്തിൽ വാഹനാപകട നിരക്ക് ഉയർന്നിട്ടുണ്ടെങ്കിലും 2007-ൽ അത് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. മദ്യഷാപ്പുകൾ തുറക്കുന്ന ദിവസങ്ങളിൽ വാഹനാപകടങ്ങൾ വളരെ കൂടുതലാണ്. മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടുപിടിക്കുന്നതിന് ബ്രത്ത് അനലൈസറിന്റെ സഹായത്തോടെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തിര വൈദ്യസഹായം ലഭ്യമാക്കുന്നതിന് പോലീസ് മുൻകൈയെടുത്തുവരുന്നുണ്ട്. അപകടത്തിൽപ്പെടുന്നവരെ തക്കസമയത്ത് ആശുപത്രികളിൽ എത്തിക്കുന്നതുമായി ബന്ധപ്പെട്ട് ബോധവത്കരണ ക്ളാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. അപകടവുമായി ബന്ധപ്പെട്ട് സന്ദേശങ്ങൾ കൈമാറുന്നതിന് ഹൈവേ അലെർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഹൈവേ പട്രോൾ സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. അപകടങ്ങൾ കുറയ്ക്കുന്നതിനായി പ്രധാന റോഡുകളിലും കവലകളിലും ട്രാഫിക് പോലീസിനെ നിയമിച്ചും സീബ്രാ ലൈൻ വരച്ചും ഗതാഗത നിയന്ത്രണം നടത്തിവരുന്നുണ്ട്. സ്പീഡ് ബാരിയർ ഉപയോഗിച്ചും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും അപകടങ്ങൾ കുറയ്ക്കാൻ ശ്രമം നടത്തുന്നുണ്ട്. സ്പീഡ് റഡാർ ഉപയോഗിച്ച് അമിത വേഗത്തിൽ വാഹനമോടിക്കുന്നവരെ കണ്ടുപിടിക്കുന്നുണ്ട്. ആക്സിഡന്റ് റിഡക്ഷൻ ആക്ഷൻ പ്ളാൻ പ്രകാരം റോഡപകടങ്ങളെ സംബന്ധിച്ച് കർശന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(28) ക്ഷേത്രകലാപീഠത്തിൽ താന്ത്രികവിദ്യ ഉൾപ്പെടുത്തൽ

ശ്രീ. കെ. അജിത്: വൈക്കത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രകലാപീഠത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വാദ്യോപകരണങ്ങൾക്കുപുറമേ താന്ത്രിക വിദ്യകൂടി പഠിപ്പിക്കുന്നതിനും പാഠ്യപദ്ധതികൾ ക്രമീകരിച്ച് ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് അനുവാദം കൊടുക്കുന്നതിനും ദളിത് വിഭാഗക്കാർക്ക് അതിൽ പ്രാതിനിധ്യമുണ്ടാകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിൽ ദേവസ്വം ബോർഡിലെ തന്ത്രിമാർക്കും മേൽശാന്തിമാർക്കും താന്ത്രിക വിദ്യയിൽ കുറഞ്ഞത് 6 മാസത്തെ ട്രെയിനിംഗ് നൽകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ദേവസ്വം ബോർഡിന്റെ കീഴിലുള്ള വൈക്കം ക്ഷേത്രകലാപീഠത്തിൽ താന്ത്രികവിദ്യ പഠിപ്പിക്കുന്നതിനുള്ള വിദ്യാകേന്ദ്രം തുടങ്ങേണ്ടത് ആവശ്യമാണെങ്കിലും അത് ദേവസ്വം ബോർഡാണ് ചെയ്യേണ്ടത്. ഇക്കാര്യം ബോർഡിന്റെ പരിഗണനയ്ക്ക് നേരത്തേ അയച്ചുകൊടുത്തുവെങ്കിലും അത് നടപ്പാക്കിയിട്ടില്ല. പ്രസ്തുത ആവശ്യം വീണ്ടും സർക്കാർ ദേവസ്വം ബോർഡിനെ അറിയിക്കുന്നതാണ്.

(29) മിനി വൈദ്യുതി ഭവൻ സ്ഥാപിക്കൽ

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഒരു മിനി വൈദ്യുതി ഭവൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): ഇരിങ്ങാലക്കുടയിൽ വൈദ്യുതി ബോർഡിന്റെ ഉടമസ്ഥതയിലുള്ള

31.3 സെന്റ് സ്ഥലത്ത് ഇരിങ്ങാലക്കുട ഡിവിഷൻ ഓഫീസും സെക്ഷൻ ഓഫീസും പ്രവർത്തിച്ചുവരികയാണ്. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ച് ആ സ്ഥലത്ത് ഇലക്ട്രിക്കൽ സർക്കിൾ ഓഫീസ്, ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ്, റീജിയണൽ ഓഡിറ്റ് ഓഫീസ്, ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസ്, ട്രാൻസ്മിഷൻ കൺസ്ട്രക്ഷൻ സബ് ഡിവിഷൻ ഓഫീസ് എന്നിവ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഒരു മിനി വൈദ്യുതി ഭവൻ നിർമ്മിക്കണമെന്ന നിർദ്ദേശം ബോർഡിന്റെ പരിഗണനയി ലുണ്ട്. അത് സർക്കാർ പരിഗണിക്കുന്നതായിരിക്കും.

(30) <u>ദേവസ്വം ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. വി.ഡി. സതീശൻ:</u> തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഭരണ സ്തംഭനം ഒഴിവാക്കിയും തീർപ്പാകാതെ കിടക്കുന്ന ഫയലുകളിൽ തീരുമാന മുണ്ടാക്കിയും ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാക്കണം; രണ്ടാഴ്ചയിലൊരിക്കൽ ദേവസ്വം ബോർഡ് യോഗം ചേരുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. ജി. സുധാക രൻ):</u> തിരുവിതാംകൂർ -കൊച്ചി ദേവസ്വം ബോർഡിലെ നിയമങ്ങൾ ഭേദഗതി ചെയ്തതിനെ കേരളത്തിലെ എല്ലാവരും സ്വാഗതം ചെയ്യുകയാണ്. കൊച്ചി ദേവസ്വം ബോർഡിന്റെ പ്രവർത്തനം നല്ലനിലയിൽ നടക്കുമ്പോൾ തിരുവി താംകൂറിൽ അത് നടക്കുന്നില്ല എന്ന വസ്തുത ഗവൺമെന്റ് അംഗീകരിക്കുക യാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കുഴപ്പങ്ങൾക്ക് സർക്കാർ ഉത്തരവാദിയല്ല. നിയമസഭാ ചോദ്യത്തിനുപോലും അവർ മറുപടി തരാറില്ല. എല്ലാവരും യോജിച്ച് പുതിയ നിയമ ഭേദഗതി കൊണ്ടുവരേണ്ടത് ആവശ്യ

മാണ്. ബോർഡിന്റെ ആഭ്യന്തര കാര്യങ്ങളിൽ സർക്കാർ ഇടപെടില്ല. പ്രസ്തുത വിഷയം ദേവസ്വം ബോർഡിനെ അറിയിക്കുന്നതായിരിക്കും.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം.

1. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഏഴ്, എട്ട് റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.
2 അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
3. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
4. ഹർജികൾ സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
5. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
6. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ക്രമപ്രശ്നം

### ചോദ്യങ്ങൾക്കുള്ള മറുപടി യഥാസമയം ലഭ്യമാക്കൽ

ശ്രീ. ജോസഫ്.എം. പുതുശ്ശേരി: മൂന്നാർ കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 4-07-2007-ലെ 1992-ാം നമ്പർ ചോദ്യത്തിനും 17-09-2007-ലെ 1776-ാം നമ്പർ ചോദ്യത്തിനും 'വിവരം ശേഖരിച്ചുവരുന്നു' എന്ന മറുപടി

യാണ് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽനിന്നും ലഭിച്ചത്. നടപ്പുസമ്മേളനത്തിൽ 2084-ാം നമ്പരായും 596-ാം നമ്പരായും വീണ്ടും പ്രസ്തുത ചോദ്യം ഉന്ന യിച്ചെങ്കിലും മറുപടി ലഭ്യമായില്ല. ഇത് അംഗങ്ങളുടെ അവകാശം നിഷേധി ക്കലാണ്. ഇതുസംബന്ധിച്ച് റൂളിംഗ് ഉണ്ടാകണം.

റൂളിംഗ്

മി. സ്പീക്കർ: മന്ത്രിമാർ കൃത്യമായും മറുപടി നൽകണമെന്നാണ് ചെയർ നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നത്. സർവ്വശ്രീ ജോസഫ് എം. പുതുശ്ശേരി, കെ. കെ. ഷാജു എന്നിവർ ഈ പ്രശ്നം ഈ സഭയിൽത്തന്നെ ഉന്നയിച്ചിട്ടുണ്ട്. റവന്യൂ വകുപ്പുമന്ത്രിയും നിയമ വകുപ്പുമന്ത്രിയും ഇത് സംബന്ധിച്ച് നാളെ മറുപടി പറയും.

നിയമനിർമ്മാണ കാര്യം

**(1) 2008-ലെ കേരള ധനകാര്യ ബില്ലിന്റേയും 2008-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ബില്ലിന്റേയും അവതരണം**

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2008-ലെ കേരള ധനകാര്യ ബില്ലും 2008-ലെ കേരള ധനകാര്യ (രണ്ടാംനമ്പർ) ബില്ലും അവത രിപ്പിക്കുന്നു.

**(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും**

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാക രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള

അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

**ഒബ്ജക്ഷൻ**

എംപ്ലോയീസിന്റെ നിയമനം പി.എസ്.സി.ക്ക് വിടുന്നത് സംബന്ധിച്ച്

ശ്രീ. കെ.എം. മാണി: സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബില്ലിലെ ക്ലാസ് 3 അനുസരിച്ച് ദേവസ്വം ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ എംപ്ലോയീസിന്റെ അപ്പോയിന്റ്മെന്റ് പി.എസ്.സി.ക്ക് വിടുകയാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 321 അനുസരിച്ച് ഗവണ്മെന്റിന് അതിന് അധികാരമില്ല. ഒരു പ്രത്യേക ബോർഡ് രൂപീകരിച്ചിട്ടാണെങ്കിൽ അവിടത്തെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാം. അല്ലെങ്കിൽ ഏതെങ്കിലും നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബോഡി കോർപ്പറേറ്റിലോ പബ്ലിക് ഇൻസ്റ്റിറ്റ്യൂഷനിലോ ഉള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാം. ദേവസ്വം ബോർഡ് ഈ ഗണത്തിലൊന്നും പെടുന്നതല്ല. തിരുവിതാംകൂർ മഹാരാജാവും വൈസ്രോയിയും ചേർന്നുണ്ടാക്കിയ ഒരു കവനന്റ് അനുസരിച്ച് രൂപീകരിച്ച ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിടുമ്പോൾ അതിൽ നിയമപരമായ തടസ്സങ്ങളുണ്ടാകും. വേണമെങ്കിൽ ഒരു സ്പെഷ്യൽ ബോർഡ് ഉണ്ടാക്കി റിക്രൂട്ട്മെന്റ് നടത്താം. നിയമവിരുദ്ധമായ ഒരു നിയമം പാസ്സാക്കുന്നതിനു മുമ്പ് അതിലെ ഡിഫക്ട് പരിഹരിക്കണം. അതുകൊണ്ട് ഇതിനെക്കുറിച്ച് വളരെ അവഗാഹമായി ചിന്തിക്കേണ്ടതുണ്ട്.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. ജി. സുധാകരൻ):</u> ഭേദഗതി നിയമം കൊണ്ടുവന്നപ്പോൾത്തന്നെ ഉന്നയിക്കപ്പെട്ട ഭരണഘടനാപരമായ തടസ്സവാദങ്ങൾ പലതും ചർച്ചചെയ്തിരുന്നു. നിയമസഭ പാസ്സാക്കിയ നിയമപ്രകരമാണ് ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നത്. ഈ നിയമം റദ്ദ് ചെയ്യണമെന്ന് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കേസ്സുകൾ വന്നപ്പോൾ രണ്ട് കോടതികളും ഇക്കാര്യത്തിൽ യാതൊരു വിധത്തിലുമുള്ള ഇടപെടലുകൾ നടത്തിയില്ലെന്നു മാത്രമല്ല, തടസ്സവാദങ്ങൾ കോടതികൾ തള്ളിക്കളയുകയും ചെയ്തിരുന്നു. ലോക്കൽ അതോറിറ്റി, പബ്ളിക് ഇൻസ്റ്റിറ്റ്യൂഷൻ എന്നിവിടങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാമെന്നാണ് ഭരണഘടനയിലും പറയുന്നത്. ദേവസ്വം ബോർഡ് റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻ എന്നു പറയുന്നത് ഒരു വാദം മാത്രമാണ്. അതൊരു പബ്ളിക് ഇൻസ്റ്റിറ്റ്യൂഷനാണ്. പബ്ളിക്മെൻ എന്നതിന്റെ അടിസ്ഥാനത്തിലാണ് ദേവസ്വം ബോർഡ് ഭാരവാഹികളുടെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത്. 1950-ലെ ഒറിജിനൽ നിയമത്തിൽ ഇക്കാര്യം വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അതുകൊണ്ട് ഭരണഘടനാപര മായ ചുമതല നിർവ്വഹിക്കുന്നതിന് പ്രസ്തുത എനേബ്ളിങ്ങ് ക്ളാസ് പാസ്സാക്കിത്തരണം.

<u>മി. സ്പീക്കർ:</u> മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ.എം. മാണി ഉന്നയിച്ച ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. ജി. സുധാകരൻ):</u> തിരുവിതാംകൂർ- കൊച്ചി ദേവസ്വം ബോർഡുകളുടെ ചരിത്ര ത്തിലെ സുപ്രധാന അദ്ധ്യായമാണ് ഈ നിയമനിർമ്മാണത്തിലൂടെ എഴുതി

ച്ചേർക്കപ്പെടുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗത്തിനും സ്ത്രീ സമൂഹത്തിനും തന്നെ സാമൂഹിക നീതി ഉറപ്പാക്കുന്ന ഒരു നിയമമാണിത്.

ശ്രീമതി ഇ.എസ്. ബിജി മോൾ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ചരിത്രത്തിലെ ഏടുകൾ മറിച്ചുനോക്കുമ്പോൾ ഒരു സംസ്ക്കാരം രൂപപ്പെട്ടുവന്നതിനോടൊപ്പം ഇവിടെയുള്ള ആളുകൾ ജോലിയുടെയും വർണ്ണത്തിന്റെയും അടിസ്ഥാനത്തിൽ തരംതിരിക്കപ്പെട്ടതായി കാണാൻ സാധിക്കും. സ്ത്രീകൾ എല്ലാ മേഖലയിലും അവഗണിക്കപ്പെട്ടു. ഈ ആക്ട് നടപ്പിലാക്കുന്നതോടുകൂടി സ്ത്രീകളടക്കമുള്ള പിന്നോക്കവർഗ്ഗക്കാർക്ക് പി.എസ്.സി. വഴി നിയമനം ലഭിക്കുകയും അതിലൂടെ ഈ വിഭാഗത്തിൽപ്പെട്ടവരോടു കാണിക്കുന്ന അനീതി ഒഴിവാക്കാനും അവർക്ക് സാമൂഹ്യനീതി ഉറപ്പുവരുത്താനും സാധിക്കും. സാമൂഹ്യപരിഷ്ക്കരണത്തിന് വഴിവയ്ക്കുന്നതിന് ഈ ആക്ട് വളരെ സഹായകരമാകുമെന്നതിൽ സംശയമില്ല.

**അറിയിപ്പ്**

റൂൾ വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: കാര്യവിവരപ്പട്ടിക അനുസരിച്ച് 12.30 മുതൽ 1.30 വരെ ധനവിനിയോഗ ബില്ലാണ് ചർച്ചയ്ക്കെടുക്കേണ്ടത്. ഇപ്പോൾ അതിനു കഴി

യാത്ത സാഹചര്യത്തിൽ, റൂൾ വേവ് ചെയ്ത് ക്രമം അനുസരിച്ച് ബാക്കി ബിസിനസ്സിലേയ്ക്ക് കടക്കാവുന്നതാണ്.

## നിയമനിർമ്മാണകാര്യം (തുടർച്ച)

പ്രൊഫ. എൻ. ജയരാജ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാമൂഹികമായ മാറ്റങ്ങളുണ്ടാക്കുന്നതിനുവേണ്ടി എന്നു പറഞ്ഞ് ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് കൈമാറുമ്പോൾ അതിൽ ഭരണഘടനാപരമായി ഒരു പ്രശ്നം നിലനിൽക്കുകയാണ്. പി.എസ്.സി. യിൽ വ്യത്യസ്ത സമുദായത്തിൽപ്പെട്ടവർ അംഗങ്ങളാണ്. ആയതിനാൽ പി. എസ്. സി. ക്ക് ഇത്തരത്തിൽ ഒരു അധികച്ചുമതല നൽകുമ്പോൾ ഭരണഘടനാപരമായ ചില പ്രശ്നങ്ങളുണ്ടാകും. ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശയിൽ പറയുന്നതുപോലെ ദേവസ്വം ബോർഡിലെ അഡ്മിനിസ്ട്രേറ്റീവ് നിയമനങ്ങൾ ഉൾപ്പെടെയുള്ളവ നടത്തുന്നതിന് റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ചെയർമാനായുള്ള ഒരു റിക്രൂട്ട്മെന്റ് ബോർഡിന് രൂപം നൽകണം. ദേവസ്വം ബോർഡിലും ശബരിമലയിലും നടന്ന ക്രമക്കേടുകളെക്കുറിച്ചും അഴിമതികളെക്കുറിച്ചും അന്വേഷിക്കണം. ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് താമസസൗകര്യം വർദ്ധിപ്പിക്കുകയും അപ്പവും അരവണയും ആവശ്യാനുസരണം വിതരണം

ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. ശബരിമലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം. ദേവസ്വം ബോർഡിന്റെ ഭരണാധികാരികളായി വരുന്നവർ ക്ഷേത്രങ്ങളുടെ പരിശുദ്ധിയും പരിപാവനതയും കാത്തുസൂക്ഷിക്കണം. ദേവസ്വം ബോർഡിലെ കലാപകലുഷിതമായ അന്തരീക്ഷത്തിനും കെടുകാര്യസ്ഥതയ്ക്കും പരിഹാരം കാണണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടാണ് ദേവസ്വം ബോർഡുകളെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള മൂലനിയമമായി നിലനിൽക്കുന്നത്. അത് ഒരു കവനന്റിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ളതാണ്. നിയമസഭയിലെ ഹിന്ദു എം. എൽ. എ.മാരും മന്ത്രിമാരുമാണ് ദേവസ്വം ബോർഡിലുള്ള ആളുകളെ തെരഞ്ഞെടുക്കുന്നത്. ദേവസ്വം ബോർഡിന്റെ ധാരാളം ഭൂമി സർക്കാരിലേയ്ക്ക് പോയിട്ടുണ്ട്. ദേവസ്വത്തിന്റെ അന്നദാനച്ചെലവും നിത്യനിദാനച്ചെലവും നടത്തുന്നതിനുവേണ്ടി ഒരു വർഷത്തിൽ ഇത്ര രൂപ ഫിക്സഡ് ആയി കൊടുക്കാമെന്നു പറഞ്ഞ് സർക്കാർ ഒരു എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ടെങ്കിലും കാലാകാലങ്ങളിൽ മാറിമാറിവന്ന സർക്കാരുകൾക്ക് ആ തുക അവർക്ക് കൊടുക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ദേവസ്വം ബോർഡ് സ്വയം സമ്പത്തുണ്ടാക്കുന്ന രൂപത്തിലേയ്ക്ക് പോവുകയാണുണ്ടായത്. ദേവസ്വം ബോർഡിനെക്കുറിച്ച് മോശമായ അഭിപ്രായമാണ് ജനങ്ങൾക്കുള്ളത്. പബ്ലിക് സർവ്വീസസ് ആക്ട് അനുസരിച്ചാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ നിലവിൽ വന്നത്. പി.എസ്.സി. റിക്രൂട്ട്മെന്റ് ബോർഡിൽ ഇന്നയിന്ന മെമ്പർമാർ മാത്രമേ പാടുള്ളു എന്ന് നിഷ്ക്കർഷിക്കാൻ പറ്റില്ല. ദേവസ്വം ബോർഡിലെ തസ്തികകളിലേയ്ക്ക്

ഇന്റർവ്യൂ നടത്തുന്ന ബോർഡംഗങ്ങൾ ആ തസ്തികയെപ്പറ്റി കുറെയെങ്കിലും അറിവുള്ളവരായിരിക്കണം. വിശ്വാസികളുടെ സ്ഥാപനങ്ങളിൽ ഗവൺമെന്റ് കടന്നുകയറ്റം നടത്തരുത്. സംവരണതത്വം മതാടിസ്ഥാനത്തിലുള്ളതല്ല. ദേവസ്വം ബോർഡിലെ നിയമനങ്ങൾ തർക്കവിഷയമാകുന്നതിന് കാരണം നിയമനം നടത്തുന്നതിലുള്ള പോരായ്മയാണ്. നിയമന കാര്യത്തിൽ നടക്കുന്ന അഴിമതി അവസാനിപ്പിക്കാൻ സർക്കാർ സ്വീകരിക്കുന്ന ഏതു നടപടിക്കും പൂർണ്ണ പിന്തുണ പ്രതിപക്ഷം വാഗ്ദാനം ചെയ്യുകയാണ്. എന്നാൽ ഇതിന്റെ പേരിൽ വിശ്വാസികളുടെ വിശ്വാസത്തെ വേദനിപ്പിക്കുന്നത് ശരിയല്ല. റിക്രൂട്ട്മെന്റിന് ക്രെഡിബിളിറ്റി ഇല്ലെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണം. പി.എസ്.സി.യിലെ ഹിന്ദു മെമ്പർമാർ മാത്രം ഇന്റർവ്യൂ നടത്തട്ടെ എന്ന് ഒരു ഗവൺമെന്റിനും പറയാൻ കഴിയില്ല. പബ്ലിക് സർവ്വീസ് കമ്മീഷനെ ചോദ്യം ചെയ്യാൻ ആർക്കും അവകാശമില്ല. ശബരിമലയിൽ മേൽശാന്തിയെ തെരഞ്ഞെടുക്കുന്നത് സുതാര്യമായിട്ടായിരിക്കണം. കേരളത്തിൽ ഗവൺമെന്റിന്റെ കയ്യിലേയ്ക്ക് ക്ഷേത്രഭൂമി കൊടുത്തിട്ടുണ്ടെങ്കിൽ ക്ഷേത്രങ്ങളെ സംരക്ഷിക്കാനുള്ള ബാദ്ധ്യതയും ഗവൺമെന്റിനുണ്ട്. ഈ നിയമം കുറ്റമറ്റതാക്കി മാറ്റുകയും ദേവസ്വം ബോർഡിലെ അംഗങ്ങൾ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ തിരുത്തുകയും വേണം. അഴിമതി കാണിക്കുന്നവരെ കണ്ടുപിടിക്കണം. കേരളത്തിൽ ആർ.എസ്.എസ്/ ബി.ജെ.പി.ക്ക് കൂടുതൽ സ്വാധീനമുണ്ടാക്കാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കരുത്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: ദേവസ്വം ബോർഡിനെ അഴിമതി വിമുക്തമാക്കാനും കാര്യക്ഷമമാക്കാനുമുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്. ദേവസ്വം ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ്

വിഭാഗത്തിലുള്ള ജീവനക്കാരുടെ നിയമനം പി.എസ്.സി. ക്ക് വിടുന്നത് സംബന്ധിച്ച നിയമമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ശബരിമലയിൽ ഒരു പ്രത്യേക ഏജ് ഗ്രൂപ്പിൽപ്പെട്ട സ്ത്രീകൾക്ക് പ്രവേശനമില്ലെന്നും, ഗുരുവായൂർ ക്ഷേത്രത്തിൽ അഹിന്ദുക്കൾക്ക് പ്രവേശനമില്ലെന്നുമുള്ള അന്ധവിശ്വാസങ്ങൾ സമൂഹത്തിൽ നിന്നും മാറ്റി വ്രതശുദ്ധിയും വിശ്വാസവുമുള്ള എല്ലാപേർക്കും പ്രവേശനം അനുവദിക്കത്തക്ക വിധത്തിലുള്ള നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ദേവസ്വം ബോർഡിൽ നിയമനങ്ങളിലും സ്ഥലംമാറ്റങ്ങളിലും വൻ അഴിമതിയായിരുന്നു നടന്നിരുന്നത്. ശാന്തിമാരുടെ നിയമനവും, ക്ഷേത്ര പൂജയുമായി ബന്ധപ്പെട്ടവരുടെ നിയമനങ്ങളുമെല്ലാം അറിവിന്റെ അടിസ്ഥാനത്തിലായിരിക്കണം. പൂജാവിധി, മന്ത്രങ്ങൾ, തന്ത്രങ്ങൾ എന്നിവ അറിയാവുന്നവരെയായിരിക്കണം ശാന്തിക്കാരായി നിയമിക്കാൻ. ഗുരുവായൂർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണമെന്ന് കഴിഞ്ഞ ഗവണ്മെന്റ് പ്രമേയം പാസ്സാക്കിയെങ്കിലും അതുസംബന്ധിച്ച് ഒരു നടപടിയും പിന്നീട് സ്വീകരിച്ചിട്ടില്ല. ദേവസ്വം ബോർഡ് അംഗങ്ങൾക്ക് ആഡംബര കാറുകൾ വാങ്ങുന്നതിന് അരക്കോടി രൂപയാണ് ചെലവഴിച്ചിരുന്നത്. ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് ഹൈക്കോടതി പരാമർശമുണ്ടായെങ്കിലും അതിനെതിരെ ബോർഡ് ഒരു നടപടിയും സ്വീകരിച്ചില്ല. ദേവസ്വം ബോർഡിൽ അഴിമതിയില്ലാത്ത ഭരണം നടത്താൻ കഴിയണം. മതവിശ്വാസങ്ങൾക്ക് ഒരു ദോഷവും വരാത്തവിധത്തിലാണ് അഡ്മിനിസ്ട്രേറ്റീവ് വിഭാഗം ജീവനക്കാരുടെ നിയമനം പി.എസ്.സി.ക്ക് വിടുന്നത്. അവധിയെടുക്കാൻപോലും നിവൃത്തിയില്ലാത്ത ശാന്തിക്കാർ, അടിച്ചുതളിക്കാർ എന്നിവർക്കെല്ലാം

അർഹതപ്പെട്ട സ്ഥാനം കൊടുക്കണം. യോഗ്യതയും ജോലിയും തമ്മിൽ ഒരു ബന്ധം ആവശ്യമാണ്. ചരിത്രത്തിൽ ബിരുദമെടുത്തയാൾ ഫിനാൻസ് മാനേജരായിരിക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരണം. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള ആക്ഷേപങ്ങളെല്ലാം ചർച്ച ചെയ്ത് പരിഹരിക്കണം. കൊച്ചി ദേവസ്വം ബോർഡിന്റെ പ്രവർത്തനവും മെച്ചപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് വിറ്റതായ വസ്തുക്കൾ തിരിച്ചെടുത്തുകൊണ്ടിരിക്കുന്നു. സത്യസന്ധമായി പ്രവർത്തിക്കുന്നവരെ ബോർഡിൽ നിയമിക്കണം. ശബരിമലയിൽ മണ്ഡലപൂജയുടെ സമയത്ത് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് ഗവണ്മെന്റിന് സാധിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ സമരമുണ്ടായിരുന്നിട്ടും പരമാവധി ഡോക്ടർമാരെ നിയമിച്ച് രോഗികളെ ചികിൽസിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കഴിഞ്ഞു. മകരവിളക്ക് സമയത്ത് മുഖ്യമന്ത്രി ശബരിമല സന്ദർശിച്ച് അപര്യാപ്തതകൾ കണ്ട് മനസ്സിലാക്കുകയും അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. ഭക്തരോടും തീർത്ഥാടകരോടും പ്രതിബദ്ധതയുണ്ടെന്ന് തെളിയിക്കുന്നതിന് ഈ ഗവണ്മെന്റിന് സാധിച്ചു. ശബരിമലയിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഒരു ഓപ്പറേഷൻ തിയേറ്റർ സ്ഥാപിക്കുന്നതിന് സാധിച്ചു. അന്ധവിശ്വാസങ്ങളെല്ലാം മാറ്റി മനസ്സ് ശുദ്ധീകരിക്കാനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതുമൂലം സാമൂഹ്യനീതിയും സ്ത്രീകളുടെ പ്രാതിനിധ്യവും വർദ്ധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. നിലവിൽ ഈ ബോർഡിൽ

സാമുദായിക പ്രാതിനിധ്യം നടക്കുന്നില്ല. തന്ത്രിമാരെ പീഡിപ്പിക്കുന്നുവെന്ന പ്രചരണം ശിരയല്ല. ഈ ബിൽ പാസ്സാകുന്നതോടുകൂടി ബോർഡിന്റെ പ്രവർത്തനം കുറ്റമറ്റതാക്കാൻ സാധിക്കുന്നതാണ്. ശബരിമലയിൽ സ്ത്രീകൾക്ക് പ്രവേശനം അനുവദിക്കണമെന്ന അഭിപ്രായത്തിൽ ഗവൺമെന്റ് ഉറച്ചുനിൽക്കുകയാണ്. വിവിധ സമുദായത്തിൽപ്പെട്ട മന്ത്രിമാരടങ്ങുന്ന ക്യാബിനറ്റായതുകൊണ്ട് ഈ പ്രശ്നം അവിടെ ചർച്ച ചെയ്യാൻ കഴിയില്ല. ദേവസ്വം ബോർഡിലെ രണ്ട് മെമ്പർമാരെ ക്യാബിനറ്റ് നിശ്ചയിക്കും. ശബരിമലയിലെ സ്ത്രീകളുടെ പ്രവേശനം സംബന്ധിച്ച് സുപ്രീംകോടതിയുടെ ആവശ്യപ്രകാരം ഗവൺമെന്റ് അഫിഡവിറ്റ് നൽകിയെങ്കിലും ആറ് മാസമായിട്ടും അത് ഫയൽ ചെയ്തിട്ടില്ല. സുപ്രീംകോടതി ഇക്കാര്യത്തിൽ തീരുമാനം എടുത്തശേഷം വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ ഗവൺമെന്റ് വെളിപ്പെടുത്തുന്നതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെയോ ബോർഡിന്റെയോ ഭാഗത്തുനിന്നും യാതൊരു അപാകതയും ഉണ്ടായിട്ടില്ല. ഇത് സംബന്ധിച്ച എല്ലാ സംശയങ്ങളും ദൂരീകരിക്കത്തക്കവിധത്തിലാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഗുരുവായൂർ ദേവസ്വം ബോർഡിലെ മാനേജുമെന്റ് കമ്മിറ്റി അഡ്മിനിസ്ട്രേറ്റീവ് ആന്റ് മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണമെന്ന റെസൊലൂഷൻ പാസ്സാക്കി അയച്ചിട്ടുണ്ട്. താമസിയാതെ അതിനുള്ള നിയമം കൊണ്ടുവരുന്നതാണ്. ശബരിമലയിൽ ഏർപ്പെടുത്തിയ സൗകര്യങ്ങളെ പ്രകീർത്തിച്ച് തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽനിന്ന് അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. അവിടെ കഴിഞ്ഞ സീസണിൽ അനുഭവപ്പെട്ട അരവണ പ്രശ്നം ഒരാഴ്ചക്കൊണ്ട് പരിഹരിക്കാൻ സാധിച്ചു. കഴിഞ്ഞ വർഷത്തെക്കാൾ 3 കോടി രൂപയുടെ വരുമാന

വർദ്ധനവുണ്ടായിട്ടുണ്ട്. ഈ ബിൽ പാസ്സാകുന്നതോടെ മത്സ്യത്തൊഴിലാളികൾ അടക്കമുള്ളവർക്ക് ദേവസ്വം ബോർഡിൽ ജോലി ലഭിക്കുമെന്ന കാര്യത്തിൽ ആശങ്ക വേണ്ട.

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 117-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ഭേദഗതി സ്വീകാര്യമല്ല.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

ശ്രീ. വി.ഡി. സതീശൻ: 118, 143 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : 119 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ : 120-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി : 121-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു : 122-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ് : 123-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. എൻ. ജയരാജ് : 124-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി.കെ. അബ്ദുറബ്ബ് : 125-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. പ്രകാശൻ മാസ്റ്റർ : 131, 142 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽ കുമാർ : 134-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.കെ. ഷാജു : 138-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതിയും ശ്രീ. ടി.എൻ. പ്രതാപൻ അവതരിപ്പുച്ച 120-ാം നമ്പർ ഭേദഗതിയും 24-നെതിരെ 63 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ്.

ശ്രീ. ടി.എൻ. പ്രതാപൻ: 145-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

## 4-ാം വകുപ്പ്.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: 146, 147 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 148-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

## ഒന്നാം വകുപ്പും പീഠികയും പേരും.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

(107) In the enacting formula, for the word "Fifty-eighth," the word, "Fifty-ninth," shall be substituted.

(113) For clause 1(1), substitute the following namely:-

"(1) This Act may be called the Kerala Public Service Commission (Additional Functions as Respects the Administrative Services under Devaswom Boards) Act, 2008."

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 106, 108 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: 109-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 114-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു; മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2007-ലെ കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ

സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിൻതാങ്ങുന്നു.

2007-ലെ കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ശബ്ദ വോട്ടോടു കൂടി സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (3) 2008-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും.

ധനകാര്യ വകുപ്പുമന്ത്രി (ഡോ തോമസ് ഐസക്): 2008-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ തോമസ് ഐസക്): 2008-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സെയിൽസ് ടാക്സ്, എക്സൈസ് ടാക്സ്., ഭൂ നികുതി തുടങ്ങിയ ഇനങ്ങളി

ലായി 593.4 കോടി രൂപ പിരിക്കുന്നതിൽ ഗവൺമെന്റ് വീഴ്ച വരുത്തിയിരിക്കുന്നു എന്നാണ് സി. ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിരിക്കുന്നത്. പ്രസ്തുത വിഷയത്തിൽ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തണം. കാലവർഷക്കെടുതിയിൽ നഷ്ടമുണ്ടാകുന്നവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതുപോലെ തീപിടിത്തമുണ്ടാകുമ്പോഴും നഷ്ടപരിഹാരം കൊടുക്കണം. നിർമ്മാണ സാമഗ്രികൾക്ക് വില വർദ്ധിച്ച സാഹചര്യത്തിൽ. പി.ഡബ്ളിയു.ഡി. നിരക്ക് പുതുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ലാൻഡ് അസൈൻമെന്റ് കമ്മിറ്റികൾകൂടി അപേക്ഷകളിന്മേൽ തീരുമാനമെടുക്കണം. പ്രതിസന്ധി നേരിടുന്ന മലബാർ മേഖലയിലെ ബീഡിത്തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കണം. വേനൽ മഴയിൽ കൃഷിനാശം സംഭവിച്ച കർഷകരുടെ കണക്ക് ശേഖരിച്ച് നഷ്ടപരിഹാരം നൽകാനും കൊയ്ത്ത് യന്ത്രം അനുവദിക്കാനും നടപടി സ്വീകരിക്കണം. മദ്രസാ നവീകരണ പദ്ധതിയുടെ അപേക്ഷ ഈ മാസം 31 വരെ നീട്ടാനാവശ്യമായ നടപടി സ്വീകരിക്കണം. അറബിക് സ്പെഷ്യൽ ഓഫീസറെ നിയമിക്കണം. കാസർകോട് എൻഡോസൾഫാൻ ബാധിതരുടെ പുനരധിവാസം നടപ്പാക്കണം.

ശ്രീ. ടി.പി. കുഞ്ഞുണ്ണി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താനും കേരളത്തിലെ തൊഴിലാളികളുടെയും പാവപ്പെട്ടവരുടെയും ജീവിതം മെച്ചപ്പെടുത്താനും ഉദ്ദേശിച്ചുകൊണ്ടുള്ള പുതിയ സമീപനങ്ങളാണ് ബഡ്ജറ്റിലുള്ളത്. ധനവിനിയോഗത്തിലും ധനസമാഹരണത്തിലും ഒരുപോലെ ശ്രദ്ധ കേന്ദ്രീകരിക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞു.

ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും മൂലധനച്ചെലവുകൾക്കും കൂടുതൽ തുക വകയിരുത്തി. കാർഷിക- വ്യാവസായിക മേഖലകളുടെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. സമ്പന്നരുടെ മേൽ ചില ചെറിയ നികുതികൾ ചുമത്തി നികുതി പിരിവ് പരമാവധി ഊർജ്ജിതപ്പെടുത്തി. ധനസ്ഥിതി മെച്ചപ്പെടുത്താൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ക്ഷേമനിധികൾ പരിഷ്ക്കരിക്കുകയും പുതിയ ക്ഷേമ പെൻഷനുകൾ പ്രഖ്യാപിക്കുകയും ചെയ്തു. ക്ഷേമ പെൻഷനുകൾ 200 രൂപയാക്കി വർദ്ധിപ്പിച്ചു. സ്വാശ്രയ ബിൽ, കർഷക കടാശ്വാസ നിയമം, ഷോപ്സ് ആന്റ് എസ്റ്റാബ്ളിഷ്മെന്റ് ബിൽ തുടങ്ങിയ നിയമങ്ങൾ പാസ്സാക്കി. ദരിദ്രരുടെ എണ്ണം പെരുകുകയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം വെട്ടിക്കുറയ്ക്കാൻ ഇടയാക്കുകയും കുത്തക മുതലാളിമാരുടെ ആസ്തി വർദ്ധിക്കുകയും ചെയ്യുന്ന രീതിയിലുള്ള തെറ്റായ നയസമീപനമാണ് മുൻകാലങ്ങളിൽ കേന്ദ്രം ഭരിച്ച ഭരണാധികാരികൾ സ്വീകരിച്ചത്. അതിൽ നിന്നൊക്കെ വ്യത്യസ്തമായി പരിമിതമായ സാമ്പത്തിക ചുറ്റുപാടിൽ നിന്നുകൊണ്ട് ജനങ്ങൾക്ക് ആശ്വാസവും സഹായവും എത്തിച്ചുകൊടുക്കാനാവശ്യമായ നടപടി സംസ്ഥാന ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ധനവനിയോഗ ബില്ലിനെ എതിർക്കുന്നു. പഞ്ചായത്ത്, ഇറിഗേഷൻ, പൊതുമരാമത്ത്, എസ്.സി/എസ്.ടി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് 2,000 കോടി രൂപയുടെ വിനിയോഗം ഉണ്ടായിട്ടില്ല എന്നാണ് സി..ആന്റ് എ.ജി. റിപ്പോർട്ട്. പദ്ധതി തുകയുടെ 30-35 ശതമാനം വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഫണ്ട് യൂട്ടിലൈസേഷന്റെ

കാര്യത്തിൽ തെറ്റായ സമീപനമാണ് ഗവണ്മെന്റിനുള്ളത്. കേന്ദ്ര പദ്ധതികൾ നടപ്പിലാക്കാനോ വിവിധ പദ്ധതി ഇനത്തിൽ അനുവദിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കാനോ പദ്ധതി നിർവ്വഹണം നടത്താനോ കഴിയുന്നില്ല.

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ധനം വിനിയോഗിക്കുന്ന കാര്യത്തിൽ പ്രഖ്യാപിത ലക്ഷ്യമുള്ള ഒരു ഗവണ്മെന്റാണിത്. ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്തി സമൂഹത്തിന്റെ താഴേത്തട്ടിലുള്ള ആളുകളുടെ ജീവിത നിലവാരം ഉയർത്തുകയും വികസന പ്രവർത്തനങ്ങൾ നടപ്പാക്കുകയുമാണ് ഗവണ്മെന്റിന്റെ ലക്ഷ്യം.

<u>ശ്രീ. എ.കെ. ചന്ദ്രൻ:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. റവന്യൂ വരുമാനം പെരുപ്പിച്ചും കമ്മി കുറച്ചും കാണിക്കുന്ന യു.ഡി.എഫ്.-ന്റെ തന്ത്രങ്ങളിൽനിന്ന് വ്യത്യസ്തമായി യാഥാർത്ഥ്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് മൂലധനച്ചെലവുകൾക്ക് മുൻതൂക്കം കൊടുത്ത് കേരളത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്ന രീതിയിലുള്ള ഒരു ബഡ്ജറ്റാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റ് അവതരിപ്പിച്ചത്. സമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന ആളുകളേയും സഹായിക്കുന്ന തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കുകയും കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കുകയും ചെയ്യുന്ന ഒരു ബഡ്ജറ്റാണിത്. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുകയും പുതിയ ജനവിഭാഗങ്ങൾക്ക് പെൻഷൻ നടപ്പാക്കുകയും ചെയ്തു. 21 മാസംകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് പരമ്പരാഗത മേഖലയേയും കാർഷിക മേഖലയേയും

പുനരുദ്ധരിക്കുകയും ആ മേഖലയിൽ ആശ്വാസനടപടികൾ സ്വീകരിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനും കൃഷിക്കാരെ സംരക്ഷിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി മാർക്കറ്റിലിടപെട്ടുകൊണ്ട് കർശന നിലപാടെടുത്തു. സാമൂഹ്യ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന, കൃഷിക്കാരെ സഹായിക്കുന്ന, വിലക്കയറ്റത്തിൽ നിന്നും ആശ്വാസം നൽകുന്ന, പരമ്പരാഗത മേഖലകളെ ഉയർച്ചയിലേയ്ക്ക് കൊണ്ടുവരുന്ന, 2010-ഓടുകൂടി കേരളത്തെ കടക്കെണിയിൽ നിന്നും പൂർണ്ണമായും ഇല്ലാതാക്കുന്ന ഒരു ബഡ്ജറ്റാണ് ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. പി.എം.എ. സലാം: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കോഴിക്കോടിന്റെ വികസനത്തിനായി 20 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കോഴിക്കോടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുകയും കോഴിക്കോടിനുവേണ്ടി ഒരു പ്രത്യേക എൽ.എ. യൂണിറ്റ് അനുവദിക്കുകയും ചെയ്യണം. മലപ്പുറം ജില്ലയിൽ മുസ്ലീം ലീഗിനെ സാമ്പത്തികമായും രാഷ്ട്രീയമായും തകർക്കാനാണ് കോൺഗ്രസ് ശ്രമിക്കുന്നത്. പ്രസ്തുത ജില്ലയിലെ ക്രമസമാധാന പ്രശ്നം ഗവൺമെന്റ് ശ്രദ്ധിക്കണം.

ശ്രീ. എം.കെ. പ്രേംനാഥ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കമ്മി കുറച്ചുകൊണ്ടുള്ള വികസനോന്മുഖമായ ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. ക്ലീൻ വാളയാർ പദ്ധതി ചരിത്രപ്രധാന സംഭവമാണ്. കാർഷിക രംഗത്ത് പുരോഗമനപരമായിട്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചി

ട്ടുണ്ട്. ആരോഗ്യ പരിപാലനം, പെൻഷൻ വർദ്ധിപ്പിക്കൽ, കെ.എസ്.ആർ.ടി.സി. യുടേയും മലബാർ മേഖലയുടേയും വികസനം, പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ കാര്യത്തിൽ വളരെ ഉദാരമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. അൽഫോൺസ് കണ്ണന്താനം: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സാമ്പത്തിക അച്ചടക്കം കൊണ്ടുവരികയും നികുതി പിരിവ് ഊർജ്ജിതമാക്കുകയും ചെയ്ത ധനകാര്യ വകുപ്പാണ് സംസ്ഥാനത്തുള്ളത്. ക്യാപിറ്റൽ ഇൻവെസ്റ്റുമെന്റുണ്ടാകണമെന്നും വികസനമുണ്ടാകണമെന്നുമാണ് സർക്കാരിന്റെ ആഗ്രഹം. കർഷക കടാശ്വാസ നിയമം കൊണ്ടുവന്ന് കേരളം ഇന്ത്യയ്ക്കുതന്നെ മാതൃകയായി.

ശ്രീ. കെ.കെ. ഷാജു: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ധാരാളം പ്രഖ്യാപനങ്ങൾ നടത്തുകയും അതൊന്നും നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്ന സീറോ ബഡ്ജറ്റാണ് ഗവൺമെന്റ് അവതരിപ്പിച്ചത്. ലാൻഡ് ബാങ്കിന് നീക്കിവച്ചിട്ടുള്ള 5 കോടി രൂപ 100 കോടി രൂപയായി വർദ്ധിപ്പിക്കണം. കുട്ടനാട്ടിൽ കർഷകത്തൊഴിലാളികളെ രക്ഷിക്കാനുള്ള സമീപനമാണ് സ്വീകരിക്കുന്നത്. ലാൻഡ് ബാങ്കുണ്ടാക്കി കേരളത്തിൽ തരിശ്ശായി കിടക്കുന്നതും ഇപ്പോൾ കൃഷിയോഗ്യമല്ലാത്തതും ആളുകൾ ലീസിന് കൊടുത്തിട്ടുള്ളതുമായ കൃഷിഭൂമി ഗവൺമെന്റ് വിലയ്ക്കുവാങ്ങി കർഷകത്തൊഴിലാളികൾക്ക് വീതിച്ചുകൊടുത്ത് കർഷകത്തൊഴിലാളികളെ മുഴുവൻ കൃഷിഭൂമിയുടെ ഉടമകളാക്കിമാറ്റണം.

ശ്രീ. എസ്. രാജേന്ദ്രൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. 356 രൂപയ്ക്കുമുകളിൽ വരുമാനമുള്ള ആളുകളെ എ.പി.എൽ. ലിസ്റ്റിലാണ്

കേന്ദ്രഗവൺമെന്റ് പെടുത്തിയിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുൻ ഗവൺമെന്റിന്റെ കാലത്തെ പെൻഷൻ കുടിശ്ശികയും പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ മാർക്കുള്ള കുടിശ്ശികയും കൊടുത്തുതീർത്തു. കെ.എസ്.ആർ.ടി.സി.യിൽ ഹൈടെക് ബസ് വാങ്ങി. സിവിൽ സപ്ലൈസ് വകുപ്പിന് സബ്സിഡിയായി മുൻ ഗവൺമെന്റിന്റെ കാലത്ത് 5 വർഷംകൊണ്ട് 104 കോടി രൂപ കൊടുത്തപ്പോൾ സംസ്ഥാന ഗവൺമെന്റ് ഇതുവരെയായി 371 കോടി രൂപ കൊടുത്തു. ബാബു വിജയാനന്ദൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടെ ധനസഹായത്തിന്റെ കാര്യത്തിൽ മൂന്ന് വർഷത്തിലൊരിക്കൽ 30 ശതമാനം വർദ്ധനവുണ്ടാക്കണം. എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടെ പഠനച്ചെലവിനായി ഇതുവരെ 52 കോടി രൂപ ചെലവുചെയ്തു. എസ്.സി./എസ്.ടി. വിഭാഗക്കാരുടെ 8600 വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി 67 കോടി രൂപ ചെലവഴിച്ചു. അങ്ങനെ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 416 കോടി രൂപ എസ്.സി./എസ്.ടി.വിഭാഗത്തിനു മാത്രമായി കൊടുത്തിട്ടുണ്ട്. ഇതുവരെ കോർപ്പസ് ഫണ്ട് മാത്രമാണുണ്ടായിരുന്നതെങ്കിൽ ഇപ്പോൾ എസ്.സി. ഹൗസിംഗ് സ്കീമിനായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമു ന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 19 എസ്.ടി. വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് എം.ബി.ബി.എസ്.ന് പഠിക്കുന്നതിന് വായ്പ അനുവദിച്ചു. വ്യവസായ മേഖലയിൽ ചെറുകിട തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി കൊണ്ടുവരികയും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന 20 സ്ഥാപനങ്ങളെ ലാഭത്തിലാക്കുകയും ഒരു

മണ്ഡലത്തിൽ ഒരു വ്യവസായ സ്ഥാപനമെന്നുള്ള രീതിയിൽ കൊണ്ടുവരികയും ചെയ്തത് നിസ്സാര കാര്യമല്ല. റവന്യൂ വകുപ്പിൽ റീസർവ്വേ, ഡിസാസ്റ്റർ മാനേജുമെന്റ്, സർക്കാർ ഭൂമി തിരിച്ചെടുക്കൽ എന്നിങ്ങനെ ഒട്ടേറെ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്.

<u>ശ്രീ. ബി. ബാബു പ്രസാദ്</u> : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നുമാത്രമല്ല ജനങ്ങളെ ദുരിതത്തിലാഴ്ത്തിയ ഈ പ്രശ്നം സഭയിൽ ചർച്ച ചെയ്യാൻ പോലും അനുവദിച്ചില്ല. കെ.എസ്.ആർ.ടി.സി-യുടെ 700 കോടി രൂപയുടെ കടവും വാട്ടർ അതോറിറ്റിയുടെ 1006 കോടി രൂപയുടെ കടവും എഴുതിത്തള്ളുമെന്ന് ബഡ്ജറ്റിൽ പറയുകയുണ്ടായി. കാർഷിക വളർച്ചയും വ്യാവസായിക പുരോഗതിയും തമ്മിലുള്ള പൊരുത്തക്കേട് കണക്കാക്കാൻ ഈ ബഡ്ജറ്റിന് കഴിഞ്ഞിട്ടില്ല. ബഡ്ജറ്റിന്റെ തുടക്കം മുതൽ അവസാനം വരെ പല കാര്യങ്ങളിലും അവ്യക്തത നിലനിൽക്കുന്നു. പെൻഷൻകാരോട് നീതി കാണിച്ചിട്ടില്ല. തീരദേശ വികസന പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിട്ടില്ല. സുനാമി പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചെങ്കിലും സുനാമി ബാധിത പ്രദേശങ്ങളിൽ യാതൊരു വികസന പ്രവർത്തനങ്ങളും നടത്തിയിട്ടില്ല. സുനാമി പുനരധിവാസ പദ്ധതിയുടെ പേരിൽ കേന്ദ്ര ഗവൺമെന്റ് നൽകിയ ധനസഹായം വകമാറ്റി ചെലവാക്കിയിരിക്കുന്നു. റിസർവ്വ് ബാങ്കിന്റെ രേഖകൾ പ്രകാരം ധനകാര്യ മാനേജുമെന്റിൽ കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ പിന്നിലാണ്. സംസ്ഥാനത്തിന്റെ പൊതുകടം ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2008-2009-ലേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ടിന്റെ ഒന്നാം ഘട്ടം ഇന്ന് അവസാനിക്കുകയാണ്. ഇവിടെ ഗൗരവതരമായ വിമർശനം വന്നത് സി ആന്റ് എ.ജി റിപ്പോർട്ടിൽ നികുതി അസ്സസ് ചെയ്തതിൽ ഗവൺമന്റിന് 506 കോടി രൂപ നഷ്ടം വന്നുവെന്നുള്ളതിലാണ്. ഇത് തെറ്റിദ്ധാരണയാണ്. ഇത് മുഴുവൻ മൂന്ന് വർഷം മുൻപുള്ളതാണ്. അന്ന് നടന്ന അസ്സസ്സ്മെന്റിലെ പോരായ്മകളാണ് സി ആന്റ് എ.ജി ചൂണ്ടിക്കാണിക്കുന്നത്. സംസ്ഥാനത്ത് ആഡിറ്റ് റിപ്പോർട്ടും അതിന്റെ പരിശോധനയും തുടർ നടപടികളും ഒരു പ്രഹസനമായി മാറിയിരിക്കുകയാണ്. ആഡിറ്റ് പാരഗ്രാഫുകൾക്ക് ഡിപ്പാർട്ടുമെന്റുകൾ മറുപടി കൊടുക്കാറില്ല. പഴയ വർഷങ്ങളിലേത് മാറ്റിവച്ചിട്ട് പുതിയ വർഷങ്ങളിലെ ആഡിറ്റ് പാരഗ്രാഫുകൾ എടുക്കണം. അതിന് പി.എ.സി ചെയർമാന്റെ സഹകരണം അഭ്യർത്ഥിക്കുകയാണ്. പി.എ.സി റിപ്പോർട്ട് ചിലതെങ്കിലും സഭ ചർച്ച ചെയ്താൽ നല്ല കോൺസൻസസ് സഭയിൽ ഉണ്ടാക്കാൻ സാധിക്കും. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് നോക്കിയാൽ എട്ട്, പത്ത് മണ്ഡലങ്ങളിൽ മാത്രമാണ് 25 ശതമാനം മരാമത്ത് പണികൾ നടന്നിട്ടുള്ളത്. കുടിവെള്ള പദ്ധതി ഉൾപ്പെടെയുള്ള പല പദ്ധതികളുടേയും പണി പൂർത്തിയാക്കണം. ഇതിനുവേണ്ടി ജനപ്രതിനിധികൾ റിസ്ക് എടുക്കണം. റവന്യൂ ചെലവ് റവന്യൂ വരുമാനത്തിനനുസൃതമായി നിയന്ത്രിക്കാനുള്ള രാഷ്ട്രിയ ഇച്ഛാശക്തി സംസ്ഥാനത്തിനുണ്ടാകണം. 2000 പ്രൊട്ടക്ടഡ് അദ്ധ്യാപകരെ പഞ്ചായത്തിലേയ്ക്ക് റീ-ഡിപ്ലോയ് ചെയ്യുന്ന കാര്യത്തെ സംബന്ധിച്ച് ആരും എതിർത്തിട്ടില്ല. റാഷണലായി കാര്യങ്ങൾ ചെയ്യാനും അത് ജനങ്ങളുടെ

മുമ്പിൽ അവതരിപ്പിക്കാനും കഴിയണം. വളർച്ചയുടെ പുതിയ പാതയിലേയ്ക്ക് സംസ്ഥാനത്തെ നയിക്കാൻ എല്ലാവരും സഹകരിക്കണം.

2008-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കുകയും ചെയ്തു.

## 2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2008-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിൻതാങ്ങുന്നു.

2008-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം 29-നെതിരെ 69 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## അറിയിപ്പ്

### സുവർണ്ണ ജൂബിലി ആഘോഷങ്ങൾ

<u>മി. സ്പീക്കർ</u> : കേരള നിയമസഭയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം 2007 ഏപ്രിൽ 27-ന് ബഹുമാനപ്പെട്ട കേരള ഗവർണ്ണർ നിർവ്വഹിച്ചു. തുടർന്ന് അഞ്ച് ജില്ലാ കേന്ദ്രങ്ങളിൽ നിയമസഭാ ചരിത്ര പ്രദർശനം, ഹൈസ്ക്കൂൾ-ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി ലേഖന മൽസരം, കോളേജ്-പോളിടെക്നിക് വിദ്യാർത്ഥികൾക്കായി ക്വിസ് മൽസരം എന്നിവ സംഘടിപ്പിക്കുകയുണ്ടായി. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ഏപ്രിൽ 30-ന് ബഹുമാനപ്പെട്ട രാഷ്ട്രപതി ശ്രീമതി പ്രതിഭാദേവി സിംഗ് പട്ടേൽ ഉത്ഘാടനം ചെയ്യും. അതിന് മുൻപായി നിയമസഭാംഗങ്ങൾ പങ്കെടുക്കുന്ന കലാ-കായിക മൽസരങ്ങൾ, സെമിനാറുകൾ, ജൂബിലി സ്മരണിക, മാധ്യമ പ്രവർത്തകർക്കുള്ള ശിൽപശാല തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടികളുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി ഇരുപതംഗ ജനറൽ കമ്മിറ്റിയും ആറ് സബ്കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. സുവർണ്ണ ജൂബിലി ആഘോഷങ്ങളുമായി ബന്ധപ്പെട്ട പരിപാടി വിജയകരമായി നടത്തുന്നതിന് എല്ലാ അംഗങ്ങളുടേയും സഹകരണം ചെയർ അഭ്യർത്ഥിക്കുന്നു.

സഭ വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.